
# ബൈബിൾ സ്റ്റാൻഡാർഡ്

BIBLE STANDARD (Malayalam)
BI-MONTHLY

ദൈവരാജ്യത്തിന്റെ സുവാർത്താപത്രിക



"നിന്റെ പ്രകാശവും സത്യവും അയച്ചുതരേണമെ;
അവ എന്നെ നടത്തുമാറാകട്ടെ..." (സങ്കീ. 43:3).

**BIBLE STANDARD - OUR ONLY STANDARD**

"ജാതികൾക്കായി ഒരു കൊടി ഉയർത്തുവിൻ"
യെശ. 62:10

**ENGLISH B.S. NO. 920**

ഉൾപേജുകളിൽ.... പേജ്

കാലോചിതമായ സഞ്ചാരതൃഷ്ണ.............2

ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ..........13

എല്ലാ ക്രിസ്ത്യാനികൾക്കും സത്യം
നൽകുന്നു – എപ്പോൾ? ....................15

പാപമോചന ചീട്ട് വിൽക്കുന്ന
ടെറ്റ്സെൽ.......................................23

VOL - XIII, ISSUE 5 സെപ്റ്റംബർ – ഒക്ടോബർ 2020

# കാലോചിതമായ സഞ്ചാരതൃഷ്ണ

## TIMELY – WANDERLUST

**"സമയം തക്കത്തിൽ ഉപയോഗിച്ചു (വീണ്ടെടുത്ത്) കൊണ്ട് പുറത്തുള്ളവരോടു ജ്ഞാനത്തോടെ പെരുമാറുവിൻ" കൊലൊ. 4:5.**

ഈ വാക്യത്തിലെ "തക്കത്തിൽ" ("വീണ്ടെടുത്ത്") എന്ന പദം പരസ്യമായി വിലയ്ക്കു വാങ്ങി കൈവശപ്പെടുത്തുക; അവസരം വിനിയോഗിക്കുക (റോതർ ഹാം); കാലം ഉറപ്പാക്കുക (ഡയഗ്ലോട്ട്) എന്നൊക്കെ അർത്ഥം വരുന്ന എക്സാഗൊരാസോ (exagorazo) എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് എടുക്കപ്പെട്ടിരിക്കുന്നത്. ദിനംപ്രതി ദുഷ്ടതയാലും ദുഷ്ടതാത്പര്യം ഉള്ളവരാലും നാം ചുറ്റപ്പെട്ടിരിക്കുന്നു എന്നു കർത്താവിന്റെ ജനം എന്ന നിലയിൽ നാം തിരിച്ചറിയുന്നു. പാപമയവും മൂഢവും നമ്മുടെ ക്രിസ്തീയ നടത്തയ്ക്ക് ലാഭകരമല്ലാത്തതുമായ കാര്യങ്ങൾക്ക് നമ്മുടെ ഉത്സാഹത്തെയും സ്വാധീനത്തെയും സമയത്തെയും ചിലവഴിക്കുക എന്നുള്ളതാണ് ഇവയുടെ പ്രവണത. ആകയാൽ ദുഷ്ട സമയത്തിൽ നിന്നും, ഇത്തരം പ്രതികൂലമായ സാഹചര്യങ്ങളിൽ നിന്നും ഒഴിഞ്ഞ്, നമ്മുടെ ആത്മീയ പോഷണം, ശക്തിപ്രാപിക്കൽ, മറ്റുള്ളവരെ ആത്മീയ കാര്യങ്ങളിൽ സഹായിക്കൽ എന്നീ ഉന്നത താത്പര്യങ്ങളിൽ വിനിയോഗിച്ച് ഏറ്റവും അധികം സമയം *വിലയ്ക്കു വാങ്ങുകയും ഉറപ്പിക്കയും വേണം.* അത്തരം വിലയ്ക്കു വാങ്ങൽ അഥവാ മനോരഥം പ്രകൃത്യാലുള്ള നമ്മുടെ അഭിരുചികളെയും പ്രവണതകളെയും ആത്മപരിത്യാഗം ചെയ്യുന്നതാകും. കൂടാതെ നാം മുമ്പെന്നപോലെ ഇപ്പോൾ അവരോടു ചേർന്നു നടക്കാതിരിക്കുന്നത് "അപൂർവ്വം" എന്നു വിചാരിക്കുന്നവരിൽ നിന്നും മറ്റുള്ളവരിൽ നിന്നും നല്ല അഭിപ്രായം കൈപ്പറ്റുന്നതിനും അവരോടു നല്ല കൂട്ടായ്മ ഉണ്ടാകുന്നതിനും കാരണമാകും (1 പത്രൊ. 4:4). ഉയരത്തിൽ നിന്നു വരുന്ന ശരിയായ ജ്ഞാനത്തോടു ചേർന്ന് നടന്നുകൊണ്ടും, "ശക്തിയുടെയും, സ്നേഹത്തിന്റെയും, സുബോധത്തിന്റെയും" ആത്മാവിനെ അഭ്യസിച്ചുകൊണ്ടും (2 തിമൊ. 1:7), അന്ത്യംവരെ സമയത്തെ (പരസ്യമായി വിലയ്ക്കു വാങ്ങിക്കൊണ്ടും, കൈവശമാക്കിക്കൊണ്ടും) തക്കത്തിൽ ഉപയോഗിച്ചുകൊണ്ടും ലഭ്യമായ എല്ലാ അവസരങ്ങളെയും (ഉറപ്പിച്ച്) പ്രയോജനപ്പെടുത്തിക്കൊണ്ടും വാക്കിലും പ്രവൃത്തിയിലും സത്യത്തിനും അതിന്റെ ആത്മാവിനും സാക്ഷ്യം വഹിക്കുന്നതിൽ നാം സന്തോഷിക്കണം.


**യേശു പറഞ്ഞു**

"എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാര വാക്കിനും ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടി വരും എന്നു ഞാൻ നിങ്ങളോടു പറയുന്നു."

മത്താ. 12:36

ദൈവത്തോടു സമർപ്പണം ചെയ്തവർ അവരുടെ തന്നെ കൂട്ടത്തിനും കൂട്ടത്തിനു പുറത്തും ഒരു കൂത്തുകാഴ്ചയായി തീർന്നിരിക്കുന്നു എന്ന വസ്തുതയെ ശ്രദ്ധയോടെ നോക്കിക്കണ്ടുകൊണ്ട് (1 കൊരി. 4:9), ഇത് നമ്മുടെ മനസ്സിൽ കരുതി, കഴിയുന്നിടത്തോളം ജ്ഞാനത്തോടെ നടന്ന് നമ്മുടെ പെരുമാറ്റത്തെ ലോകത്തിനു മുൻപിൽ സുതാര്യമാക്കിവെക്കാം എന്നു വിശുദ്ധ പൗലൊസ് നമ്മെ പ്രബോധിപ്പിക്കുന്നു. ഈ വിഷയത്തിൽ പ്രത്യേക നിർദ്ദേശങ്ങൾക്കായി ഞങ്ങൾ അദ്ദേഹത്തിന്റെ അനേകം വാക്കുകളെ ഓർമ്മിക്കുന്നു. അവയിൽ മറ്റൊന്നിൽ അദ്ദേഹം പറയുന്നു (റോമ. 12:8) "കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകല മനുഷ്യരോടും സമാധാനമായിരിപ്പിൻ". സാഹചര്യങ്ങൾ നമ്മെ കലഹപ്രിയരും വിയോജിപ്പുള്ളവരുമായ ആളുകളുടെ ഇടയിൽ കൊണ്ടെത്തിക്കുന്ന അവസരങ്ങളിൽ ഏറ്റവും കുറഞ്ഞ ആത്മപ്രശംസയോടെ നമ്മുടെ ആത്മത്യാഗത്തിന്റെ ആത്മാവിനെയും, ദയാശീലത്തെയും, സഹാനുഭൂതി നിറഞ്ഞ ഗ്രഹണശേഷിയെയും, ദീർഘക്ഷമയെയും, സംയമനത്തെയും, സ്നേഹത്തെയും നമ്മുടെ പ്രവൃത്തികളാൽ അവർക്കു കാണിച്ചു കൊടുക്കുന്നത് ഉചിതമാണ്. അത്തരം ആത്മാവ് ലോകത്തെ ഗുണദോഷിക്കുന്നതിനും, താൽപര്യം ഉണ്ടെങ്കിലും ഇല്ലെങ്കിലും നടക്കേണ്ടുന്ന ശരിയായ പാതയെ അവർക്കു കാണിച്ചു കൊടുക്കുന്നതിനും ഇടയാക്കും. എന്നിരുന്നാലും അത്യന്തം സമാധാനം കാംഷിക്കുന്നതിനു വേണ്ടി ഈ ആത്മാവ് നിരന്തരം പീഡനത്തിനോ അനീതിക്കോ അനുവാദം കൊടുക്കുകയില്ല.

എന്നാൽ ചില സമയങ്ങളിൽ യേശുവും പൗലൊസ് അപ്പൊസ്തലനും ചെയ്തതുപോലെ നാം തികച്ചും തുറന്നും മർമ്മഭേദിയായും സംസാരിക്കേണ്ടതായും ഈ ജീവിതത്തിലെ പ്രവൃത്തികൾക്ക് കണക്ക് കൊടുക്കേണ്ടതായ കണക്കെടുപ്പിന്റെ വരും കാലത്തെക്കുറിച്ച് താക്കീത്




നൽകേണ്ടതായും വന്നേക്കാം. (മത്താ. 12:36; അപ്പൊ. 24:25). ശക്തനായ മനുഷ്യൻ ഫെലിക്സ് വരുവാനുള്ള കണക്കെടുപ്പിൻ കാലത്തെക്കുറിച്ച് അറിഞ്ഞ് ഭയപരവശനാകുന്നതുവരെ വി. പൗലൊസ് അവനോടു വാദിച്ചു. നമ്മുടെ ഈ വിഷയത്തിന്റെ തലക്കെട്ട് *കാലോചിതമായ* (ഒരു പ്രത്യേക സമയത്തു നടക്കുന്ന) ഒരു വസ്തുതയിലേക്കും *സഞ്ചാരതൃഷ്ണയിലേക്കും* (യാത്ര ചെയ്യുവാനോ സഞ്ചരിക്കുവാനോ ഉള്ള പ്രേരണയാൽ പ്രചോദിക്കപ്പെടുന്നത്) നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. സത്യം അതിന്റെ ശരിയായ സമയത്ത് നാം എത്തിച്ചു കൊടുക്കേണ്ടതാണ്. നമ്മുടെ ഉന്നതമായ താൽപര്യങ്ങളോട് ഭക്ത്യാദരവു പുലർത്തുന്നതിനായി (ആത്മീയ പോഷണത്തിന്) ഏറ്റവും അധികം പാപപങ്കിലമാകാവുന്ന സമയങ്ങളെ നാം വിലയ്ക്കു വാങ്ങുകയും ഉറപ്പാക്കുകയും വേണം. എന്തുകൊണ്ടെന്നാൽ ദൈവസ്നേഹത്തിന്റെ അഭാവത്തിൽ നാം ഒന്നുമല്ല! നമ്മുടെ ആത്മീയ പോഷണത്തെ നമുക്കെവിടെ കണ്ടെത്താം? ഞങ്ങൾ പറയുന്നു – ബൈബിളിൽ നിന്നുമാണെന്ന്! ഞങ്ങളുടെ ക്രിസ്തീയ നടത്തയെ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടേതുമായി താരതമ്യം ചെയ്തു ഞങ്ങൾ പഠിക്കുന്നു. നാം എന്തെങ്കിലും വസ്തുക്കൾ വാങ്ങുമ്പോൾ അവിടെ അതിനൊത്ത വില കൊടുക്കുവാൻ ബാധ്യസ്ഥരാണ് എന്നു നമുക്കറിയാം. ഒരുവേള നാം കൊടുക്കേണ്ടുന്ന വില നമ്മുടെ സ്വാർത്ഥപരിത്യാഗമാകാം, പ്രകൃത്യാലുള്ള വാഞ്ചകളാകാം, ക്രിസ്തുവിന്റെ കാൽചുവട് പിൻപറ്റുന്നവരാകുവാൻ ഇപ്പോൾ നമുക്ക് ആഗ്രഹമുള്ളതിനാൽ ദീർഘകാല സുഹൃത്തുക്കളുമായുള്ള കൂട്ടുകെട്ട് വിട്ട് നാം അവർക്ക് അന്യരാകുകയും അവരുമായുള്ള ചങ്ങാത്തം നമുക്കു നഷ്ടപ്പെടുകയും ചെയ്തേക്കാം.

നമ്മുടെ കർത്താവായ യേശു എ.ഡി. 29 മുതൽ എ.ഡി. 33 വരെ (സമയം വീണ്ടെടുത്ത് ഉപയോഗിച്ചുകൊണ്ട്) കഴുതപ്പുറത്തോ അല്ലെങ്കിൽ കാൽനടയായോ പാലസ്തീൻ എന്ന കൊച്ചു രാഷ്ട്രത്തെ ചുറ്റി സഞ്ചരിച്ചതിൽ നിന്നും തനിക്കു കാലോചിതമായ സഞ്ചാരതൃഷ്ണ ഉണ്ടായിരുന്നു എന്നു മനസ്സിലാക്കാം. "അവൻ വഴിയിൽ നമ്മോടു സംസാരിച്ചു തിരുവെഴുത്തുകളെ തെളിയിക്കുമ്പോൾ നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ?" (ലൂക്കൊ. 24:32). അതെ, ഈ രണ്ടു ശിഷ്യന്മാർക്കും ജ്ഞാനത്തിൽ നടക്കുവാനുള്ള സഞ്ചാരതൃഷ്ണ ഉണ്ടായിരുന്നു! നമ്മുടെ കർത്താവിന്റെ സുദീർഘമായ സഞ്ചാരം യെരുശലേമിന്റെ വടക്കു നിന്നും ഫിലിപ്പിന്റെ കൈസര്യയുടെ പ്രദേശത്തേക്കുള്ള ഏകദേശം 110 മൈലോളമായിരുന്നു (മത്താ. 16:13). വിനയമതികളും ആത്മാർത്ഥതയുള്ളവരുമായ അന്വേഷകർക്ക് സത്യം വ്യക്തമാക്കിയും സ്പഷ്ടമാക്കിയും കൊടുക്കുന്നതിനു നമ്മുടെ കർത്താവ് ഈ സമയം വിനിയോഗിച്ചു. അവന്റെ വ്യക്തിഗത ആവശ്യങ്ങൾക്കു വേണ്ടി അവനെ പരിചരിക്കുവാൻ അവന്റെയൊപ്പം യാത്ര ചെയ്തവർ വളരെ അനുഗ്രഹിക്കപ്പെട്ടവരായിരുന്നിരിക്കണം.

**സ്വന്തമായൊരു ഭവനം** നമ്മുടെ കർത്താവിനുണ്ടായിരുന്നില്ല എന്ന വസ്തുതയാണ് വളരെ ഗണ്യമായ ചിന്താശകലം. എപ്രകാരമാണെങ്കിലും ഉന്നതമായ താൽപര്യത്തിനുവേണ്ടി തന്റെ സമയത്തെ പരസ്യമായി വിലയ്ക്കു വാങ്ങുന്നതിൽ ഇത് അവനെ അനുവദിച്ചു. എന്നാൽ ഇത്തരം അവസ്ഥ അവനെ ദരിദ്രനായി ജീവിക്കുവാൻ ഇടയാക്കിയോ? ഇല്ല, നമ്മുടെ കർത്താവിന് ആവശ്യത്തിന് എപ്പോഴും ബെഥാന്യയിൽ ലാസറിന്റെയും മറിയയുടെയും മാർത്തയുടെയും അടുക്കൽ ഒരു ഭവനമുണ്ടായിരുന്നു. അവർ അവനെ വിഭവ **സമൃദ്ധമായ വിരുന്നുകൊണ്ടും** (R-5283) വെൺകൽഭരണിയിലെ പരിമള തൈലം കൊണ്ടും ആദരിച്ചു. വിവാഹ ചടങ്ങുകളിൽ നമ്മുടെ കർത്താവ് പങ്കെടുത്തിരുന്നു. ആ കാലത്തെ ഏറ്റവും പ്രശസ്തമായ വീടുകളിൽ ഒന്നിൽ ഏറ്റവും ധനവാനായ ഒരു മനുഷ്യന്റെ (പരീശന്റെ) അതിഥിയായിരുന്നു അവൻ. "പരീശന്മാരിൽ ഒരുത്തൻ തന്നോടുകൂടെ ഭക്ഷണം കഴിപ്പാൻ അവനെ ക്ഷണിച്ചു; അവൻ പരീശന്റെ വീട്ടിൽ ചെന്നു ഭക്ഷണത്തിനിരുന്നു" (ലൂക്കൊ. 7:36). പരീശന്മാരിൽ ഒരുവൻ നമ്മുടെ കർത്താവിന്റെ സ്വഭാവത്താലും ഉപദേശത്താലും പ്രത്യക്ഷത്തിൽ മതിപ്പുള്ളവനായി കുറച്ചു കാലത്തേക്കവനെ വിശ്വസിച്ചുപോന്നുവെങ്കിലും ഈ കാരണത്താൽ അവനെ പള്ളിഭ്രഷ്ടനാക്കിയേക്കാം എന്നു ഭയന്നു യേശുവിനെ ഏറ്റുപറയാൻ തുനിഞ്ഞില്ല. എന്തെന്നാൽ അവൻ "ദൈവത്താലുള്ള മാനത്തെക്കാൾ മനുഷ്യരാലുള്ള മാനത്തെ അധികം സ്നേഹിച്ചു" (യോഹ. 12:43).

തന്റെ കാലത്തിലെ ഏറ്റവും മികച്ച പാതകളും യാത്രാമാർഗ്ഗങ്ങളും യേശു ഉപയോഗിച്ചു. അങ്ങനെയെങ്കിൽ അവന് എന്ത് കഷ്ടതയാണ് ഉണ്ടായിരുന്നത്? "അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും

വ്യസനപാത്രമായും രോഗം (ദുഃഖം) ശീലിച്ചവനായും ഇരുന്നു; അവനെ കാണുന്നവർ മുഖം മറച്ചു കളയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു; നാം അവനെ ആദരിച്ചതുമില്ല" (യെശ. 53:3). ഈ വിധത്തിൽ ശത്രുക്കളിൽ നിന്നുമുള്ള എതിർപ്പുകൾ മൂലമായിരുന്നു താൻ കഷ്ടത അനുഭവിച്ചത്. സത്യത്തിനുവേണ്ടി താൻ ഇവ ക്ഷമയോടെ സഹിക്കുകയും, സമാനരീതിയിൽ ലോകത്തിന്റേതായ ആക്ഷേപങ്ങളെയും എതിർപ്പുകളെയും ദൂഷണങ്ങളെയും സഹോദരങ്ങൾക്കുവേണ്ടി സഹിച്ചുകൊണ്ട് അവന്റെ കാലടി പിൻപറ്റുവാൻ തന്നെ അവൻ നമുക്ക് ഒരു മാതൃകയാക്കി വയ്ക്കുകയും ചെയ്തു. ചിലരുടെ ധാരണപോലെ ഷൂസുകൾക്കു പകരം മെതിയടിയും, സവാരികൾക്കു പകരം കാൽനടയും തിരഞ്ഞെടുത്തതിലായിരുന്നു ഗുരുവിന്റെ കഷ്ടത എന്ന് ഒരിക്കലും ചിന്തിക്കരുത്. ഇവയൊക്കെയും യേശുവിന്റെ നാളിൽ അല്ലെങ്കിൽ കാലത്ത് സാധാരണയായിരുന്നു.

വിശാലമാക്കപ്പെട്ട സുവിശേഷയുഗ കൊയ്ത്തിൻ കാലഘട്ടത്തിൽ ജീവിക്കുന്ന സമർപ്പിതരായ ദൈവമക്കൾ എന്ന നിലയിൽ വളരെ ജാഗ്രതയോടെ മാത്രമെ നാം ലോകത്തോട് ഇടപെടുവാൻ പാടുള്ളൂ. എന്തെന്നാൽ അങ്ങനെ ചെയ്യുമ്പോൾ നാം അതിന്റെ ആശയങ്ങളോട് യോജിപ്പിൽ സഞ്ചരിക്കുകയും അതിന്റെ വഴികൾ അംഗീകരിക്കയും ചെയ്യേണ്ടിവരും. എന്നാൽ ഈ അർത്ഥത്തിൽ നാം അവയെ സ്നേഹിക്കുകയല്ല, മറിച്ച് അതിൽ നിന്നും വേർപെട്ടിരിക്കുകയും അതിനെ എതിർക്കുകയും ചെയ്യേണം. നമുക്കായി കാണിച്ചു തന്നിരിക്കുന്നതായ പാത ചില രീതിയിലെങ്കിലും ഏറ്റവും പ്രയാസമേറിയതും, ഏകാന്തവുമാണെങ്കിലും സമാധാനത്തിലേക്കും ശാശ്വത സന്തോഷത്തിലേക്കുമുള്ള ഏക പാതയാണത്. ഇപ്പോഴത്തെ ദുഷ്ടലോകം അതിന്റെ മോഹങ്ങളോടു കൂടെ ശീഘ്രത്തിൽ ഒഴിഞ്ഞുപോകും. അത് ശൂന്യവും അതൃപ്തികരവുമാണ്, ക്രമേണ നാശത്തിലേക്ക് അത് ചെന്നു ചേരും. എന്നാൽ കർത്താവിന്റെ പാത പ്രിയപ്പെടുന്നവർക്ക് അവനോടു കൂടെ അനുഗ്രഹീതമായ സംസർഗ്ഗവും കൂട്ടായ്മയും ഉണ്ട്. ലോകത്തിനു ഗ്രഹിക്കാനാവാത്ത ഉറവിൽ നിന്നുമാണ് അവരുടെ ആനന്ദം വരുന്നത്. അവർ ലോകത്തിനു നൽകുവാൻ കഴിയാത്ത ഉയർന്ന തലത്തിൽ ജീവിക്കുകയും, ശുദ്ധമായ വായു ശ്വസിക്കുകയും പവിത്രവും മാധുര്യമേറിയതുമായ സാഹോദര്യം ആസ്വദിക്കുകയും ചെയ്യുന്നു.

എന്നാൽ ക്രിസ്തുവിലുള്ള ആരെങ്കിലും ഈ ഉന്നതമായ അവകാശങ്ങളിൽ നിന്നും ഇറങ്ങിപ്പോവുകയും ലോകം വാഗ്ദാനം ചെയ്യുന്ന നിന്ദ്യമായ ബദലുകളിൽ പങ്കാളിയാവുകയും ചെയ്താൽ സ്വർഗ്ഗീയമായവയിലുള്ള അവന്റെ വിലമതിപ്പിന്റെ അഭാവത്തെയും അവയ്ക്കായുള്ള അവന്റെ അയോഗ്യതയെയും ഇത് തെളിയിക്കുന്നു. പിതാവിന്റെ സ്നേഹം അവനിൽ ഇല്ല. വിധിയുടെ ദിവസത്തിലെ തീർപ്പിനെ അവൻ ഭയപ്പെട്ടേക്കാം.

ഇനി നമുക്കു മറ്റൊരു സമയത്തെ പരിശോധിക്കാം. "പലരും അങ്ങോട്ടും ഇങ്ങോട്ടും ഓടും" എന്ന കാലത്തെ തന്നെ (ദാനി. 12:4). അങ്ങോട്ടും ഇങ്ങോട്ടും ഉള്ള ഓട്ടത്തിന്റെ കാലഘട്ടത്തിലാണ് നാം ജീവിച്ചിരിക്കുന്നതെന്നു നമുക്ക് എളുപ്പത്തിൽ കാണാൻ സാധിക്കുന്നു. സഞ്ചാരത്തെക്കുറിച്ചുള്ള ഈ വിഷയത്തിൽ നഹും 2:3,4 കൂടുതൽ വ്യക്തമാക്കുന്നു: "അവന്റെ വീരന്മാരുടെ പരിച ചുവപ്പിച്ചിരിക്കുന്നു; പരാക്രമശാലികൾ ധൂമ്രവസ്ത്രം ധരിച്ചു നിൽക്കുന്നു; അവന്റെ സന്നാഹ ദിവസത്തിൽ രഥങ്ങൾ ഉരുക്കലകുകളാൽ ജ്വലിക്കുന്നു; കുന്തങ്ങൾ ഓങ്ങിയിരിക്കുന്നു. രഥങ്ങൾ തെരുക്കളിൽ ചടപട ചാടുന്നു; വീഥികളിൽ അങ്ങും ഇങ്ങും ഓടുന്നു; തീപ്പന്തങ്ങളെപ്പോലെ അവയെ കാണുന്നു; അവ മിന്നൽ പോലെ ഓടുന്നു".

ഈ പ്രവചനം ("ഉരുക്കലകുകളാൽ ജ്വലിക്കുന്ന രഥങ്ങൾ") നമ്മുടെ ഈ കാലഘട്ടത്തിലെ ഗതാഗത രീതിയെ സൂചിപ്പിക്കുന്നതായി കാണുന്നു: "തെരുക്കളിൽ ചടുപട ചാടുന്നതും വീഥികളിൽ അങ്ങും ഇങ്ങും ഓടുന്നതുമായവയാണ് ജെറ്റ് വിമാനങ്ങൾ, ബസ്സുകൾ, മോട്ടോർ വാഹനങ്ങൾ, ട്രോളി-കാറുകൾ, ട്രെയിനുകൾ തുടങ്ങിയവ.

നമ്മുടെ കർത്താവിന്റെ കാലത്ത് റയിൽ പാളങ്ങളോ, മികച്ച സത്രങ്ങളോ ഉണ്ടായിരുന്നില്ല. അവന്റെ സഞ്ചാരം ചെറിയ കപ്പലുകളിലോ, കഴുതപ്പുറത്തോ അല്ലെങ്കിൽ കാൽനടയായോ ആയിരുന്നു. പാസ്റ്റർ റസ്സൽ നമ്മുടെ ഗുരുവിന്റെ ഈ പാതയെ അക്ഷരാർത്ഥത്തിൽ പിൻതുടർന്നിരുന്നുവെങ്കിൽ സുവിശേഷ യുഗ കൊയ്ത്തിൻ വേല വൻതോതിൽ ക്ഷയിച്ചു പോകുമായിരുന്നു. യഹൂദ യുഗ കൊയ്ത്ത് പാലസ്തീൻ എന്ന ചെറിയ രാഷ്ട്രത്തിൽ ഒതുങ്ങി നിൽക്കുന്നതായിരുന്നുവെന്നും, അതേ സമയം സുവിശേഷയുഗ കൊയ്ത്ത് ലോക വ്യാപകമായിരുന്നുവെന്നും അതിന്റെ ക്ലിപ്തമായ അർത്ഥത്തിൽ ഏതാണ്ട് നാൽപത് വർഷങ്ങൾകൊണ്ട് സാമാന്യമായ അളവിൽ പൂർത്തീകരിക്കേണ്ടതായിരുന്നു എന്നു മറക്കരുത്.

## ദാനി. 12: 4 ലെ പ്രവചന നിവൃത്തി

ലോക വ്യാപകമായി യുഗങ്ങളുടെ ദൈവീക നിർണ്ണയത്തെക്കുറിച്ചുള്ള സത്യത്തെ പ്രചരിപ്പിക്കുക എന്ന പ്രവചന നിവൃത്തിയെയാണ് നാം ഇനി പരിശോധിക്കുന്നത്. ഈ (അങ്ങോട്ടും ഇങ്ങോട്ടും ഓടും എന്ന) പ്രവചനത്തെ പാസ്റ്റർ റസ്സൽ തന്റെ 8000 മൈൽ ഭൂഖണ്ഡാന്തര യാത്രയിൽ നിറവേറ്റി.

പഴയ കാലങ്ങളിൽ, വാഹനങ്ങൾ ഉണ്ടാകുന്നതിനും മുൻപ് പുൽമേടുകളിലൂടെയും മലകളിലൂടെയുമുള്ള യാത്ര കാളവണ്ടി സവാരി ആയിരുന്നപ്പോൾ, ഭൂഖണ്ഡത്തിലുടനീളം യാത്ര ചെയ്യുവാൻ പകൽ സമയത്തെ മാത്രമായിരുന്നു ആളുകൾ ആശ്രയിച്ചിരുന്നത്. ഈ യാത്രകൾക്കോ ക്ലേശകരമായ ആഴ്ചകൾ വേണ്ടിവന്നിരുന്നു. പിന്നീട് തപാൽ സംവിധാനം യാത്രകൾക്ക് അടിസ്ഥാനതത്വമായി വന്നു. ഈ വണ്ടിയാകട്ടെ ഭാരമേറിയതും അസ്വസ്ഥത ഉളവാക്കുന്നതുമായ പെട്ടിപോലുള്ളതും പരുഷമായ കാലാവസ്ഥയിൽ യാത്രികർക്ക് ആശ്വാസത്തിനായി തുകൽ ശീലകൾ മാത്രമുള്ളതും ആയിരുന്നു. ഇത് പ്രതിദിനം സഞ്ചരിക്കുന്ന ദൂരം നാൽപത് മൈൽ ആയിരുന്നു. അനേകം അവസരങ്ങളിൽ യാത്രക്കാർ വാഹനത്തിൽ നിന്നും ഇറങ്ങി ഈ വണ്ടി ചെളിയിൽ നിന്നും തള്ളി നീക്കേണ്ടതായും വന്നിട്ടുണ്ട്.

ആ കാലത്ത് വലിയ നദികൾക്കു മുകളിൽ പാലങ്ങൾ പണിതിട്ടുണ്ടായിരുന്നില്ല. ആയതിനാൽ വേനൽ കാലങ്ങളിൽ ഈ വണ്ടി ചങ്ങാടത്തിൽ കയറ്റി മറുകരയിൽ എത്തിക്കുമായിരുന്നു. ശൈത്യകാലങ്ങളിൽ ഈ വണ്ടികൾ നദിയിലെ മഞ്ഞിൽ കൂടി ഓടിച്ചു. ഇത്തരത്തിലുള്ള ചില ഉദാഹരണങ്ങളിലൂടെ റെയിൽപാതകളുടെ നിർമ്മാണത്തിനു മുൻപ് യുണൈറ്റഡ് സ്റ്റേറ്റ്സിലൂടെ ഉള്ള യാത്ര അത്യന്തം മുഷിപ്പുളവാക്കുന്നതും ചിലവേറിയ പ്രക്രിയയുമായിരുന്നു എന്നും നമുക്കു മനസിലാക്കുവാനാകുന്നു. കാലം മുന്നോട്ടു പോകുകയും സത്യം പ്രചരിപ്പിക്കുന്നതിന്റെ ആവശ്യകത തെളിവായും വന്നപ്പോൾ, പാസ്റ്റർ റസ്സലിന്റെ 1913ലെ ഭൂഖണ്ഡാന്തര പര്യടനത്തിനു ദൈവം ട്രെയിൻ യാത്ര സജ്ജീകരിച്ചു. നന്നായി പ്രകാശസംവിധാനങ്ങളുള്ളതും സുഖപ്രദമായ കുഷ്യൻ ഇട്ടതുമായ ഒരേ പാളത്തിൽ സഞ്ചരിക്കുന്ന "ചക്രത്തിനു മുകളിലെ സത്രങ്ങൾ" കാലോചിതമായ സഞ്ചാര തൃഷ്ണക്ക് ആശ്വാസമേകി. അതെ, അസാധ്യമെന്നു കരുതിയിരുന്ന യന്ത്രശാസ്ത്രത്തിന്റെ വീര്യപ്രവൃത്തിയെ പ്രദർശിപ്പിച്ചുകൊണ്ട് ഇത് യു.എസിൽ ഉടനീളം ആഢംബരത്തിന്റെ അന്തരീക്ഷം പടർത്തി. ആവിയന്ത്രത്തിനു പിന്നാലെ സഞ്ചരിച്ച ആയിരങ്ങളാകുന്ന മനുഷ്യമനസ്സുകളെ സംരക്ഷിക്കുവാൻ ഇത് അധികം കാര്യക്ഷമമായിത്തീർന്നു. ഈ ഇരുമ്പു വാഹനങ്ങളുടെ പിറകിൽ ഇരുന്നു സഞ്ചരിക്കുന്ന ലോകം ഇത് തങ്ങളുടെ ജ്ഞാനത്താൽ നിർമ്മിച്ചെടുത്തതാണെന്നു വിചാരിക്കുമ്പോൾ, ദൈവരാജ്യത്തിന്റെ സുവിശേഷമറിയിക്കുന്നവരുടെ യാത്രയ്ക്കായി ദൈവം നിശ്ചയിച്ച സമയമടുത്തിരിക്കുന്നതിനാലാണ് ഇത്തരം ഒരു കണ്ടുപിടിത്തം നടന്നതെന്നു ഞങ്ങൾ വിശ്വസിക്കുന്നു എന്നു പാസ്റ്റർ റസ്സൽ പ്രസ്താവിക്കുന്നു.

## ഭൂഖണ്ഡാന്തര പര്യടനം
## ജൂൺ 2 – ജൂലൈ 2, 1913

എണ്ണായിരം മൈൽ പര്യടനത്തിൽ ഇരുനൂറിലധികം വേദവിദ്യാർത്ഥികൾ പാസ്റ്റർ റസ്സലിനെ അനുഗമിച്ചു. ജീവിതത്തിലെ എല്ലാ കാര്യങ്ങളിൽ നിന്നും വന്നവർ അവരുടെ കൂടെ ഉണ്ടായിരുന്നു – യു.എസ്സിലെ വിവിധ ഭാഗങ്ങളിൽ നിന്നും, കാനഡയിൽ നിന്നും വന്ന ഡോക്ടർമാർ, അഭിഭാഷകർ, ക്ലാർക്കുമാർ, കർഷകർ എന്നിവരടങ്ങുന്ന ഒരു കൂട്ടമായിരുന്നു അത്. കൂലിക്ക് പ്രതിനിധികളായിട്ടോ, മറ്റേതെങ്കിലും സംഘടനകൾ ഇവരുടെ ചിലവുകൾ വഹിക്കുകയോ ചെയ്തിരുന്നില്ല എന്നു ഞങ്ങൾ സൂചിപ്പിച്ചുകൊള്ളട്ടെ.

പാസ്റ്റർ റസ്സലിനെ സംബന്ധിച്ചിടത്തോളം ഈ പര്യടനം ന്യൂയോർക്കിൽ ആരംഭിച്ച്, മിഷിഗണിലെ കലമസോവിലും ഒഹിയോയിലെ ടൊലെഡോയിലും, മുസൂരിയിലെ കാൻസാസ് സിറ്റിയിലും, ഓക് ലഹോമയിലെ ഓക് ലഹോമ സിറ്റിയിലും, മുസൂരിയിലെ പെർട്ടിൽസ്പ്രിങ്സിലും ഒരു ദിവസം വീതം തങ്ങി അവസാനം ആർക്കൻസയിലുള്ള ഹോട്ട്സ്പ്രിങ്സിലെ പര്യടന ആഘോഷ പാർട്ടിയിൽ ചേർന്ന് അവസാനിച്ചു. ഈ സംഘത്തിന്റെ ഒരു വലിയ ഭാഗവും ഇല്ലിനോയിയിലെ ഷിക്കാഗോയിൽ ആരംഭിച്ചു. അവിടെയായിരുന്നു യാത്രയ്ക്കായുള്ള ട്രെയിൻ ഒരുക്കിയിരുന്നത്. വഴിയിലെ മറ്റു സ്റ്റേഷനുകളിൽ നിന്നും മറ്റുള്ളവർ സംഘത്തിൽ പങ്കുചേർന്നു. മുപ്പത് ദിവസങ്ങൾ ഓടിക്കൊണ്ടിരുന്ന ട്രെയിനിൽ ഇരുന്നൂറിൽ പരം ആളുകൾക്ക് ഒരുമിച്ച് താമസിക്കുവാനും യാത്രചെയ്യുവാനും ഭക്ഷിക്കുവാനും ഉറങ്ങുവാനും കഴിയുന്ന ഈ ക്രമീകരണത്തിന്റെ ചില വിശദാംശങ്ങൾ ഞങ്ങൾ സന്തോഷത്തോടെ പങ്കുവയ്ക്കട്ടെ. കാളകളുടെ ചവിട്ടടിയുടെ ഇരു പാതകളും ട്രെയിനിന്റെ ഉരുക്കു റിബണുകളായി മാറി; മെല്ലെ നടന്നുകൊണ്ടിരുന്ന കാളകൾ നൂറ് ടൺ ഭാരമുള്ള തീവണ്ടിക്ക് വഴിമാറിക്കൊടുത്തു. അങ്ങനെ മാസങ്ങൾ വേണ്ടി വന്ന യാത്ര, വെറും രണ്ട് പകലിന്റെയും ഒരു രാത്രിയുടെയും യാത്രയായി ചുരുങ്ങി. വേഗതയേറിയ ട്രെയിനിന്റെ ജനാലകളിലൂടെ ആളുകൾ പർവ്വതങ്ങളെയും താഴ്വരകളെയും, ഫലഭൂയിഷ്ഠമാർന്ന വയലിനെയും പുരോഗമിച്ചുകൊണ്ടിരുന്ന പട്ടണങ്ങളെയും വീക്ഷിച്ചു.

മുപ്പതു ദിവസത്തേക്ക് ഇളംതിണ്ണയുള്ള ട്രെയിൻ പൂർണ്ണമായും വാടകയ്ക്ക് എടുക്കുവാനുള്ള ക്രമീകരണങ്ങൾ നടത്തി. സത്യം യഥാസമയത്ത് യു.എസ്സ്.എയിലെ മറ്റു ഭാഗങ്ങളിലേക്ക് എത്തിക്കുക എന്ന ഉപയോഗത്തിനും ഉദ്ദേശ്യത്തിനുമായിരുന്നു ഈ ട്രെയിൻ. മുപ്പതു ദിവസത്തോളം അവർക്ക് ട്രെയിനിൽ താമസിക്കുവാനാകില്ല എന്നു ചിലർക്ക് ഉത്കണ്ഠ ഉണ്ടായിരുന്നു. എങ്കിലും നിരവധി ആളുകൾ ട്രെയിനിൽ ഈ യാത്രക്കായി പ്ര

വേശിച്ചു. ആധുനിക സുഖങ്ങളോടു കൂടിയ യാത്ര, ആകർഷണീയമായ ധാരാളം ഭക്ഷണം, ജീവിതത്തിന്റെ പതിവായ ക്ലേശങ്ങളിൽ നിന്നുമുള്ള സ്വാതന്ത്ര്യം എന്നിവയാണ് ഇതിനു കാരണമായത് എന്നതിനു തർക്കമില്ല. വരുവാനിരിക്കുക വലിയ യാത്രാസംബന്ധമായ അനുഗ്രഹങ്ങളുടെ കിരണങ്ങൾ കർത്താവ് ധാരാളമായി നൽകിക്കൊണ്ടിരിക്കുന്ന ആശ്ചര്യകരമായ കാലത്താണ് അവർ ജീവിച്ചുകൊണ്ടിരുന്നത്.

കാൽനടയായോ കഴുതപ്പുറത്തോ കർത്താവു താണ്ടിയ പാലസ്തീൻ എന്ന ചെറിയ രാഷ്ട്രത്തിൽ ഒതുങ്ങുന്നതായിരുന്നു നമ്മുടെ കർത്താവിന്റെ വ്യക്തിപരമായ വേല. എന്നാൽ കർത്താവു നിയമിച്ച "ദാസന്റേത്" ഇതുപോലെ ആയിരുന്നില്ല. ഏറ്റവും വേഗതയുള്ള യാത്രാമാർഗ്ഗത്തെ പ്രയോജനപ്പെടുത്തിയും, തന്റെ ശ്രമകരമായ ജീവിതത്തിന് ആവശ്യമുള്ള ആശ്വാസങ്ങളും ലഭ്യമാക്കിക്കൊണ്ട് ലോകമെമ്പാടും ആയിരക്കണക്കിനു മൈലുകൾ താണ്ടിയുള്ള വേലയായിരുന്നു സുവിശേഷയുഗ കൊയ്ത്തിൻ കാലഘട്ടത്തിൽ പാസ്റ്റർ റസ്സലിനുണ്ടായിരുന്നത്. ആ കൊയ്ത്തിൻ കാലത്ത് നടത്തേണ്ടുന്ന വേലയുടെ അളവും വ്യാപ്തിയും കണക്കിലെടുത്തുകൊണ്ടാണ് റെയിൽവേ ട്രെയിനുകൾ, സമുദ്ര നീരാവികപ്പലുകൾ, ടെലിഫോൺ, ടെലഗ്രാഫ്, മെയിൽ എക്സ്പ്രസ്, ചരക്ക് സംവിധാനങ്ങൾ പോലെയുള്ള ആ കാലഘട്ടത്തിലെ അത്ഭുതകരമായ ഉപകരണങ്ങളെ കണ്ടുപിടിക്കുവാനും നിർമ്മിക്കുവാനും നമ്മുടെ കർത്താവ് മനുഷ്യമനസ്സിനെ പ്രബുദ്ധമാക്കിയതും പ്രകാശിപ്പിച്ചതും. താരതമ്യേന വളരെ കുറഞ്ഞ കാലയളവിൽ, ഏതാണ്ട് 1874 മുതൽ നാൽപതു വർഷം കൊണ്ട് ചെയ്തുതീർക്കുവാൻ അധികം വേലയും താണ്ടുവാൻ വിശാലമായ പ്രദേശങ്ങളും ഉണ്ടായിരുന്നു.

ഈ ട്രെയിൻ നിർമ്മിക്കപ്പെട്ടിരിക്കുന്നത് വൈദ്യുത വിളക്കുകളോടും, വൈദ്യുത ഫാനുകളോടും കൂടിയ സ്വീകരണ നിരീക്ഷണ ബോഗി, മറ്റു രണ്ടു ബോഗികൾ, സ്റ്റാൻഡാർഡ് പുൾമാൻ സ്ലീപിംഗ് ബോഗികൾ, മൂന്ന് ടൂറിസ്റ്റ് പുൾമാൻ സ്ലീപിംഗ് പുൾമാൻ ബോഗികൾ, ഒരു ഭക്ഷണശാല ബോഗി, സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഒരു ബോഗി അങ്ങനെ തുടങ്ങി പതിനൊന്നു ബോഗികൾകൊണ്ടാണ്. ട്രെയിനിന്റെ പുറകിൽ നിന്നു മുന്നോട്ടു സുരക്ഷിതമായി നടക്കുവാനായി രണ്ടു ബോഗികൾ ബന്ധിപ്പിച്ചിരിക്കുന്ന ഇടമാണ് വെസ്റ്റിബൂൾ (ഇളംതിണ്ണ പോലുള്ള നടവഴി). ട്രെയിൻ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഈ സ്ഥലം കൂട്ടായ്മക്കായും സ്തോത്രഗീതങ്ങൾ പാടുവാനായും, എന്തെങ്കിലും വിഷയത്തിനു ചെവികൊടുക്കുവാനുമായി സൗകര്യം നൽകുന്നതുമായിരുന്നു. ഈ ബോഗികൾ വളരെ വെടിപ്പുള്ളവയും ഭൂഖണ്ഡത്തിലുടനീളമുള്ള യാത്രകൾക്ക് വളരെ സുഖപ്രദവുമായിരുന്നു.

ഭക്ഷണശാലയുടെ ബോഗിയിൽ, ഈ **8000** മൈൽ പര്യടനത്തിൽ സഹോദരങ്ങൾക്ക് ഭക്ഷണം നൽകുന്നതിനായി ഒരു പാചകക്കാരനെയും സഹായിയേയും നിയമിച്ചിരുന്നു. സാധനങ്ങൾ സൂക്ഷിക്കുന്ന ബോഗി ഈ യാത്രക്കായി ഒരുക്കിയ അറുപത്തിയഞ്ച് അടിയുള്ള ബോഗി ആയിരുന്നു. അതിൽ പുതിയ ഇറച്ചി, വെണ്ണ, പാൽ, ക്രീം എന്നിവ സൂക്ഷിക്കുന്ന വലിയ ശീതീകരണികൾ ഉണ്ടായിരുന്നു. അതിൽ കളിമൺ പാത്രങ്ങളും മറ്റ് അടുക്കള പാത്രങ്ങളും വയ്ക്കുന്നതിനായി ഒരു വലിയ അലമാരത്തട്ട് ഉണ്ടായിരുന്നു. ഒരു മേശ തകരം പൂശിയതും പാത്രങ്ങൾ വൃത്തിയാക്കുന്നതിനായി മൂന്നു സിങ്കുകളോടു കൂടിയവയുമായിരുന്നു. വളരെ അധികം ഉരുളക്കിഴങ്ങുകളും, ടിന്നിലുള്ള ഭക്ഷ്യസാധനങ്ങളും സൂക്ഷിക്കുവാനായി അവിടെ സംഭരണശാല ഉണ്ടായിരുന്നു. നിർത്തുന്ന എല്ലാ സ്റ്റേഷനിൽ നിന്നും പുതിയ സാധനങ്ങൾ വീണ്ടും നിറച്ചുപോന്നു.

ഒരു നേരത്തെ ഭക്ഷണത്തിനു വിരിപ്പുകളും, ഗ്ലാസുകളും, പ്ലേറ്റുകളും, കപ്പുകളും, കറിപാത്രങ്ങളും, കത്തികളും, സ്പൂണുകളും, ഉപ്പും, പഞ്ചസാരയും ഇരുപത്തിയെട്ടു മേശകളിന്മേൽ ക്രമീകരിക്കേണ്ടിയിരുന്നു. ആദ്യത്തെ പന്തിക്കു ശേഷം നൂറ്റി നാലു പേരുടെ പ്ലെയിറ്റുകൾ മാറ്റി കഴുകി വിശന്നിരിക്കുന്ന മറ്റുള്ളവരെ ശുശ്രൂഷിക്കേണ്ടതിനു മേശകളെ വീണ്ടും ഒരുക്കേണ്ടിയുമിരുന്നു. ഓരോ നേരവും ഏതാണ്ട് രണ്ടര പന്തി വിളമ്പേണ്ടിയിരുന്നു. പ്രഭാതഭക്ഷണമായി: എന്തെങ്കിലും പഴം, ശേഷം ഒരു പ്രാതൽ വിഭവം, ശേഷം ഉരുളക്കിഴങ്ങ്, ഇറച്ചി, മുട്ട, ബിസ്കറ്റ്, ധാന്യ റൊട്ടി, കാപ്പി എന്നിവയും, പ്രധാന ഭക്ഷണമായി: പൊരിച്ചെടുത്ത വിവിധ ഇനം ഇറച്ചികൾ, ഉപവിഭവത്തോടു കൂടിയ ഉരുളക്കിഴങ്ങ്, ബ്രഡ്, ചായ അഥവാ കാപ്പി, കൂടാതെ മധുരപലഹാരവും, അത്താഴത്തിനു: കുറച്ചു തണുത്ത ഇറച്ചിയും, ഉരുളക്കിഴങ്ങും, ബിസ്കറ്റും, ചായയും, സോസും, കേക്കും, ഉണ്ടായിരുന്നു.

ഒരു ഊണിന് നാലു ഗാലൺ ഉരുളക്കിഴങ്ങും, എട്ട് പൗണ്ട് കാപ്പിയും, അത്രതന്നെ വെണ്ണയും, എട്ടു ഗാലൺ പാലും, രണ്ട് ഗാലൺ ക്രീമും, മുപ്പത്തെട്ടു പാത്രം ചീരയും, നൂറ് പൗണ്ട് ഇറച്ചിയും, മുഴുവനായ ഒരു പശുക്കുട്ടിയോ, അഥവാ രണ്ട് ആടുകളോ, ഇവക്കു പുറമെ ഒന്നര വീപ്പ തണുത്ത വെള്ളവും വേണ്ടിയിരുന്നു.

## ഹൊണൊലുലുവിൽ നിന്നും "ബെഥേൽ" കുടുംബത്തിലേക്കുള്ള റസ്സൽ സഹോദരന്റെ കത്ത്.

കർത്താവിൽ പ്രിയരേ: ഹവായിയൻ ദ്വീപുകളിലെ ഹൊണൊലുലുവിൽ നിന്നും നിങ്ങൾക്ക് എഴുതു

ന്നു. നിങ്ങളെല്ലാവരോടും എനിക്കുള്ള നിരന്തരമായ സ്നേഹത്തെക്കുറിച്ച് നിങ്ങൾ അറിയണമെന്ന് ഞാൻ വാഞ്ചിക്കുന്നു. സ്വർഗ്ഗീയ കൃപാസനത്തിനു മുമ്പിൽ ഞങ്ങളെന്നും നിങ്ങളെയും ദൈവത്തിന്റെ പ്രിയ യിസ്രായേലിനെയും ദിനംപ്രതി ഓർക്കുന്നു. നിങ്ങൾ ഞങ്ങളെയും ഓർക്കും എന്നു ഞങ്ങൾക്കുറപ്പുണ്ട്. ഇവിടം വരെയുള്ള യാത്രയെപ്പറ്റി ഞാൻ അറിയിക്കാം.

ഡിസംബർ 4 പിറ്റ്സ്ബർഗിൽ ഞങ്ങൾക്ക് വളരെ സന്തോഷകരമായ ദിനമായിരുന്നു. ഏകദേശം 40 കുട്ടികൾ സ്നാനമേൽക്കുകയും, സഭാ തിരഞ്ഞെടുപ്പു നടത്തുകയും, 350 പേരോട് പ്രഭാഷണം നടത്തുകയും ചെയ്തു; ഹാൾ നിറഞ്ഞൊഴുകിയിരുന്നു.

ഡിസംബർ 5 ന സെന്റ് ലൂയിസിൽ പ്രിയ സഹോദരന്മാരെ കണ്ടുമുട്ടിയതിൽ എനിക്കു വളരെ സന്തോഷമുണ്ടായി. ഒരു മണിക്കൂർ അവരെ അഭിസംബോധന ചെയ്തു. അടുത്ത സ്റ്റോപ്പ് ടെക്സാസിലെ ഡാളസ് ആയിരുന്നു. അവിടെ വളരെ നല്ല ഒരു ചെറിയ കൺവൻഷൻ നടത്തുകയും 30 കുട്ടികൾ സ്നാനം ഏൽക്കുകയും ചെയ്തു.

ഏഴാം തീയതി സാൻ അന്റോണിയോ നഗരം ഞങ്ങൾക്ക് വളരെ ഊഷ്മളമായ സ്വാഗതം നൽകി. ഞങ്ങൾ ആ ദിവസം മുഴുവൻ മീറ്റിങ്ങുകൾ നടത്തി. അവരുടെ താൽപര്യവും ആത്മാവും ഉജ്ജ്വലമായിരുന്നു. പരിശോധനകളുടെ അഭാവത്തിൽ അല്ലായിരുന്നെങ്കിൽ കൂടെയും വേദവിദ്യാർത്ഥികളുടെ ആ കൂട്ടം എണ്ണത്തിലും കൃപയിലും ക്രമമായി വളരുന്നതായി കാണപ്പെട്ടു.

ഞായറാഴ്ച ശുശ്രൂഷകൾക്ക്, ഡിസംബർ 10ന് തക്കസമയത്തു തന്നെ കാലിഫോർണിയയിലെ ലോസ് ആഞ്ജലസിൽ എത്തിച്ചേർന്നു. ഇതിലും ഹൃദ്യമായ സ്വാഗതം ഞങ്ങൾക്ക് ആവശ്യപ്പെടാൻ കഴിയില്ല. "ദിവ്യസ്നേഹം എല്ലാ സ്നേഹത്തിലും മികച്ചതാണ്" എന്നതാണ് ഈ സഭയുടെ ഉന്നമനത്തിന്റെ രഹസ്യമെന്നു തോന്നി. ഉച്ചയ്ക്കു മുമ്പ് ഏകദേശം 400 പേരോളവും, ഉച്ച കഴിഞ്ഞ് പൊതുയോഗത്തിൽ ഏകദേശം 2100 പേരും പങ്കെടുത്തു.

കാലിഫോർണിയയിലെ ഫ്രെസ്നോയിൽ ശുശ്രൂഷക്കായി പതിനൊന്നാം തീയതി എത്തിച്ചേർന്നു. പരിസര പ്രദേശങ്ങളിൽ നിന്നും ഏകദേശം 60 സുഹൃത്തുക്കൾ പകൽ യോഗത്തിലും രാത്രി പൊതുയോഗത്തിൽ ഏകദേശം 500 പേരും പങ്കെടുത്തു. ഐ.ബി.എസ്.എ യുടെ ഒരു കൂട്ടായ്മ പോലും അവിടെ ഇല്ലാ എന്നുള്ളതു പരിഗണിച്ചുകൊണ്ട് കാര്യങ്ങൾ നല്ല രീതിയിൽ നടത്തപ്പെട്ടു.

ഡിസംബർ 12ന കാലിഫോർണിയയിലെ സാൻഫ്രാൻസിസ്കോയിൽ (അഥവാ ഓക്ക്ലന്റിൽ) എത്തിച്ചേർന്നിരുന്നു. ഉച്ചയ്ക്കു മുമ്പു നടന്ന നല്ല സാക്ഷ്യങ്ങളാൽ അവിടെയുള്ള ക്ലാസുകൾ ഉജ്ജ്വലത്താണെന്നും വിശ്വസ്തരും വിനയമതികളുമടങ്ങുന്നതാണെന്നും തെളിയിച്ചു. ഉച്ച കഴിഞ്ഞുള്ള മീറ്റിംഗ് സമർപ്പണത്തെപ്പറ്റിയും വൈകുന്നേരത്തെ മീറ്റിംഗ് സ്നാനത്തെപ്പറ്റിയുമായിരുന്നു. ഞങ്ങളുടെ അഭ്യർത്ഥനപ്രകാരം മീറ്റിംഗിന്റെ പരസ്യങ്ങളൊന്നും നടത്തിയില്ല. ആയതിനാൽ വളരെ താൽപര്യമുള്ള ഏകദേശം 300 പേർ പങ്കെടുത്തു. ഏതാണ്ട് 26 പേർ തങ്ങളുടെ സമർപ്പണത്തെ സാക്ഷ്യപ്പെടുത്തി. ആ യോഗം ആനന്ദകരമായ ഒരു സ്നേഹവിരുന്നോടെ അവസാനിച്ചു. അടുത്ത ദിവസം ഏകദേശം 100 പേർ ഞങ്ങളെ യാത്ര അയച്ചു. ഷിന്യോ മാരു എന്ന ആവി കപ്പൽ തുറമുഖം വിടുമ്പോൾ അവർ ഞങ്ങളെ പാട്ടുപാടി യാത്ര അയച്ചു.

നിങ്ങളോടു വളരെ സ്നേഹത്തോടെ – നിങ്ങളുടെ സഹോദരനും ദാസുമായ സി.ടി. റസ്സൽ.

### ബ്രദർ റസ്സലിന്റെ ലോകമെമ്പാടുമുള്ള യാത്ര

ആവിക്കപ്പൽ യാത്ര – അന്ത്യകാലത്തിൽ ജ്ഞാനവർദ്ധനവും മതപരവും മതേതരവുമായ സകല വിഷയങ്ങളിലും ഉള്ള ജ്ഞാനവർദ്ധനവും ഉണ്ടാക്കും (ദാനി. 12:4). പരാമർശിക്കപ്പെട്ടതുപോലെ അത്തരം യാത്രകൾ 1799 ന ശേഷം ആവിക്കപ്പലിന്റെ കണ്ടുപിടുത്തത്തോടെ ആരംഭിച്ചു, അത് റെയിൽപാതകളിലൂടെ തുടർന്നുപോരികയും, ട്രോളി വാഹനങ്ങളിലൂടെയും, മോട്ടോർ വാഹനങ്ങളിലൂടെയും, വിമാനങ്ങളിലൂടെയും വർദ്ധിച്ചു വരികയും ചെയ്തു. മതേതരവും മതപരവുമായ ജ്ഞാനത്തിന്റെ വിശിഷ്ടമായ വർദ്ധന 1799 മുതലുള്ള കാലഘട്ടത്തെ വിശേഷപ്പെട്ടതാക്കുന്നു.

"*തന്റെ ഉള്ളംകൈ കൊണ്ട് കടലിനെ അളക്കുന്നവൻ ആർ*" (NKJ) യെശ. 60:12 നെ സംബന്ധിച്ചു പറഞ്ഞ പ്രഭാഷണത്തിൽ അദ്ദേഹം ഇങ്ങനെ വിവരിക്കുന്നു: "ഒരിക്കലും മഹാ സമുദ്രം കണ്ടിട്ടില്ലാത്തവർക്ക് നമ്മുടെ ഈ വാക്യത്തിലെ ആശയത്തിന്റെ ആശ്ചര്യകരമായ ശക്തിയേയും ബാഹുല്യത്തെയും വിലമതിക്കുവാൻ ആകില്ല. നാം റെയിൽ വേഗതയിൽ വെള്ളത്തിലൂടെ സഞ്ചരിച്ചുകൊണ്ട് എല്ലാ ദിശയിലേക്കും നോക്കി യാത്ര ചെയ്യുമ്പോൾ ചെറുതോ വലുതോ ആയ കപ്പലെന്നും ദിവസങ്ങളോളം കാണാതെ വന്നാൽ നാം ജീവിക്കുന്ന ലോകത്തെക്കുറിച്ച് ചെറിയൊരു ധാരണ ലഭിക്കുവാൻ തുടങ്ങിയേക്കാം. നമുക്ക് മുൻപ് ഗ്രഹിക്കുവാനായതിലും വളരെ വിപുലമാണ് ലോകം". കടലിന്റെ വിശാലത എങ്ങനെയാണ് അദ്ദേഹത്തിന്റെ മനസ്സിൽ ആഴമായി പതിഞ്ഞതെന്നും എങ്ങനെയാണ് വേഗത്തിൽ ലോകമെമ്പാടും ശുശ്രൂഷ വ്യാപിപ്പിക്കുന്നതിനു ആവിക്കപ്പൽ സഹായകമായതെന്നും ഇതു കാണിക്കുന്നു.

## യൂറോപ്പിലേക്കുള്ള ആവിക്കപ്പൽ യാത്ര
## ലണ്ടൻ കൺവൻഷൻ
## ആഗസ്റ്റ് 1–4, 1913

മഹാനഗരത്തിലും ഗ്രാമപ്രദേശത്തും സംഘടിപ്പിക്കുന്ന കൺവൻഷനുകൾ തമ്മിൽ ഗണ്യമായ വ്യത്യാസം ഉണ്ടാകുമെന്നുള്ളത് അനിവാര്യമായ കാര്യമാണ്. അമേരിക്കയുടെയും കാനഡയുടെയും കൂട്ടിക്കലർത്തപ്പെട്ട ഇംഗ്ലീഷും ഗ്രേറ്റ് ബ്രിട്ടന്റെ കൃത്യമായ ഇംഗ്ലീഷും തമ്മിൽ ചെറിയ സ്വഭാവ വ്യത്യാസങ്ങളുണ്ട്. അതുപോലെ അറ്റ്ലാന്റിക്കിന്റെ ഇരുവശങ്ങളിലും വെച്ചു നടക്കുന്ന കൺവൻഷനുകൾക്കും ചെറിയ വ്യത്യാസങ്ങൾ ഉണ്ട്. എന്നാൽ ഈ രണ്ട് കൺവൻഷനുകളിലും പങ്കെടുക്കുന്നവരിലുള്ള ആത്മാവിന്റെ ഐക്യത പ്രകടമാണ്. എത്ര യുക്തമാണിത്! എല്ലാവരും ആത്മോൽപാദിതർ, ഒരേ പിതാവിന്റെ മക്കൾ, ഒരേ മഹാനായ രക്ഷകനെ അനുകരിക്കുന്നവർ, പ്രിയരായ ഇവർക്കേവർക്കും അതിശയകരമായ ഒരേ സ്വഭാവവും ഉണ്ടായിരിക്കണം. "നാം എല്ലാവരും ഒരേ ആത്മാവിനാൽ സ്നാനം ഏറ്റിരിക്കുന്നു" – 1 കൊരി. 12:13.

ക്രിസ്തുവിന്റെ ശരീരാംഗങ്ങളിൽ പ്രകടമാകുന്ന ആത്മാവിലും ബലവത്തായ സാക്ഷ്യം ലോകമെമ്പാടുമുള്ള കൊയ്ത്തിൻ സന്ദേശത്തിന് ഉണ്ടാകയില്ല. അത് കോതമ്പ് ഗണത്തെ കർത്താവിങ്കലേക്ക്, അവന്റെ വചനത്തിലേക്കും പരസ്പരമുള്ള സഹാനുഭൂതിയിലേക്കും കൊണ്ടെത്തിക്കുന്നു. നമ്മിലുള്ള കുറവിനെയും കർത്താവിന്റെ പാതയിലൂടെയുള്ള വഴിനടത്തലിന്റെ ആവശ്യകതയെയും തിരിച്ചറിയുകയും യജമാനന്റെ നിർദ്ദേശത്തിനു നമ്മെ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്യുന്നതിനു ആനുപാതികമായിട്ടായിരിക്കും ക്രിസ്തുവിന്റെ പാഠശാലയിലെ നമ്മുടെ അഭ്യസനം.

ലണ്ടൻ ടാബർനാക്കിൾ സഭയുടെ പുറത്തു നിന്നുള്ള സാന്നിദ്ധ്യം ഏതാണ്ട് തൊള്ളായിരം ആയിരുന്നു. അതിൽ ഏറെപ്പേരും സമീപത്തുള്ള പട്ടണങ്ങളിൽ നിന്നും നഗരങ്ങളിൽ നിന്നും വന്നവരായിരുന്നു. ചിലർ അമേരിക്കൻ പ്രാതിനിത്യത്തിനു പുറമെ ജർമനി, ഡെൻമാർക്ക്, സ്വീഡൻ എന്നീ പ്രദേശങ്ങളിൽ നിന്നും എത്തിയവരായിരുന്നു. നൂറ്റി അറുപത്തി ഒൻപതു പേർ തങ്ങളുടെ സമർപ്പണത്തെ ജലസ്നാനത്താൽ ദൃഷ്ടാന്തീകരിച്ചുകൊണ്ട് ക്രിസ്തുവിന്റെ മരണത്തിലേക്കു സ്നാനമേൽക്കുന്നതിനെ ലക്ഷ്യപ്പെടുത്തി – റോമ. 6:3-5.

ലണ്ടൻ കൺവൻഷനെ തുടർന്ന് അദ്ദേഹത്തിന്റെ ശുശ്രൂഷ പ്ലിമത്ത്, എക്സ്റ്റർ, ചെൽറ്റൻഹാം, വീണ്ടും ലണ്ടൻ, ലിങ്കൺ, ഹൾ, വാക്ഫീൽഡ്, യോർക്ക്, ടൺബ്രിഡ്ജ് വെയ്ൽസ്, വീണ്ടും ലണ്ടൻ, വാൽസാൾ, ചെസ്റ്റർ, ബ്ലാക്ക്ബേൺ, ബോൾടൺ, പ്രെസ്റ്റൺ എന്നിവിടങ്ങളിൽ നടന്നു.

## ഇംഗ്ലണ്ടിൽ നിന്നും സ്കോട്ട്ലണ്ടിലും ഫ്രാൻസിലും നടത്തിയ ശുശ്രൂഷകൾ

ഗ്ലാസ്ഗോയിലെ ത്രിദിന കൺവൻഷൻ ഓഗസ്റ്റ് 23ന് ആരംഭിച്ചു. സ്കോട്ട്ലണ്ടിൽ നിന്നും, അയർലണ്ട്, ഇംഗ്ലണ്ട് എന്നിവിടങ്ങളിലെ അതിഥികളും അടങ്ങുന്ന ഏകദേശം എണ്ണൂറു മുതൽ തൊള്ളായിരംവരെ പേരടങ്ങുന്ന ജനക്കൂട്ടമായിരുന്നു അവിടെ. ഗ്ലാസ്ഗോയിലെ ഞങ്ങളുടെ സന്ദർശനങ്ങൾ ഞങ്ങൾ എല്ലായ്പ്പോഴും ആസ്വദിച്ചിരുന്നു. സ്കോട്ട്ലന്റിലെ ഞങ്ങളുടെ സഹോദരീ സഹോദരന്മാർ ക്രിസ്തീയ സ്നേഹത്തിന്റെ ഹൃദയഹാരിയും പ്രചോദനം നൽകുന്നതുമായ സ്നേഹവും എരിവും പ്രകടിപ്പിച്ചു. ദൈവരാജ്യത്തെ സംബന്ധിച്ച് എങ്ങനെ നമ്മുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കി രാജ്യത്തിനു പങ്കാളികളാവാം എന്ന വിഷയത്തെക്കുറിച്ചും സ്വഭാവരൂപീകരണത്തിനുള്ള ബൈബിൾ പഠനത്തിന്റെ മൂല്യത്തെക്കുറിച്ചും സംസാരിച്ചുകൊണ്ട് ഞങ്ങൾ നാലു പ്രാവശ്യം കൺവൻഷനെ അഭിസംബോധന ചെയ്തു.

ഗ്ലാസ്ഗോ കൺവൻഷനു ശേഷം അദ്ദേഹം സ്റ്റെർലിംഗ്, കോട്ട്ബ്രിഡ്ജ്, കിൽമാർനോക്ക്, സൗത്ത് പോർട്ട് എന്നിവിടങ്ങളിൽ സന്ദർശിക്കുകയും, ഫ്രാൻസിലെ പാരിസിൽ ശുശ്രൂഷിക്കുകയും ചെയ്തു. അവിടെ ഏകദേശം എഴുപതുപേർ അടങ്ങുന്ന ആത്മാർത്ഥരും തീക്ഷ്ണതയുള്ളവരുമായ സഹോദരീ സഹോദരന്മാരുടെ കൂടെ ചെറിയ കൺവൻഷൻ നടത്തി. ഇവരിൽ ചിലർ ബെൽജിയം, സ്വിറ്റ്സർലണ്ട്, ജർമനി, ഫ്രാൻസിന്റെ വിവിധ ഭാഗങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഏകദേശം ആയിരം കിലോമീറ്റർ യാത്ര ചെയ്ത് വന്നെത്തിയതായിരുന്നു. അവർ വേദവിദ്യാർത്ഥികളുടെ ഒരു ചെറിയ കൂട്ടമായിരുന്നുള്ളു എങ്കിൽ തന്നെയും മറ്റു പ്രദേശങ്ങളിലെ സഹോദരർ പ്രകടിപ്പിച്ച അതേ സ്നേഹനിർഭരമായ തീക്ഷ്ണത നിറഞ്ഞവരായിരുന്നു.

സെപ്റ്റംബർ 2നു അദ്ദേഹം തിരികെ ലണ്ടനിലെത്തുകയും ശുശ്രൂഷയുമായി ബന്ധപ്പെട്ട ചില കാര്യങ്ങളിൽ സംബന്ധിക്കുകയും മൂന്നാം തീയതി "ടൂണീസിയൻ" എന്ന കപ്പലിൽ ലിവർപൂളിലേക്കു പുറപ്പെടുകയും ചെയ്തു.

അദ്ദേഹം ഇങ്ങനെ പറയുകയുണ്ടായി: "ഞങ്ങൾക്ക് സ്വഗൃഹത്തിലേക്ക് ഒരു ഹൃദ്യമായ യാത്രയോടൊപ്പം നമ്മുടെ എഴുത്തു വേലകൾക്കു നല്ല അവസരങ്ങളും ലഭിച്ചു. സെപ്റ്റംബർ 12 വെള്ളിയാഴ്ച ബ്രൂക്ളിനിൽ എത്തിച്ചേർന്നു".

## യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങളിലേക്കുള്ള ആവിക്കപ്പൽ യാത്ര

ഇംഗ്ലണ്ട്, അയർലണ്ട്, ഫിൻലണ്ട്, നോർവേ, സ്വീഡൻ, ഡെൻമാർക്ക്, ഓസ്ട്രിയ, ജർമനി, സ്വിറ്റ്സ

ർലണ്ട്, ഫ്രാൻസ് എന്നീ യൂറോപ്യൻ ഭൂഖണ്ഡത്തിലെ രാജ്യങ്ങളിലേക്കും റഷ്യയിലേക്കും തന്റെ ശുശ്രൂഷ എത്തിക്കുവാൻ ആവിക്കപ്പൽ സഹായിച്ചു. ജപ്പാൻ, ചൈന, ഇന്ത്യ പോലുള്ള ഏഷ്യൻ വൻ കരകളിലേക്കും അദ്ദേഹം ആവിക്കപ്പൽ യാത്ര ചെയ്തു. ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ സൗത്ത് ആഫ്രിക്കയിലും, വെസ്റ്റ് ആഫ്രിക്കയിലും, ലൈബീരിയയിലും അദ്ദേഹം ശുശ്രൂഷിച്ചു. വിദേശ ശുശ്രൂഷാ യാത്രകൾ പാസ്റ്റർ റസ്സൽ ആണ്ടുതോറും നടത്തിപ്പോന്നു.

## വർത്തമാന പത്രത്തിലൂടെയുള്ള ശുശ്രൂഷ

പാസ്റ്റർ റസ്സലിന്റെ വർത്തമാന പത്രത്തിലൂടെയുള്ള കൊയ്ത്തിൻ വേലയെക്കുറിച്ച് ഞങ്ങൾ പരാമർശിക്കാതിരുന്നാൽ അതു അനുചിതമായിരിക്കും (R-6020-22) ൽ നിന്നും ഞങ്ങൾ ഉദ്ധരിക്കുന്നു: നമുക്ക് ഇതിനെ വേണമെങ്കിൽ സൈന്യത്തിന്റെ ഗ്രനേഡ് വിഭാഗം എന്നു വിളിക്കാം. ഈ വിഭാഗം ശത്രുവിന്റെ ഒളിത്താവളങ്ങൾ കണ്ടെത്തുകയും അവിടെ ചെറിയ "ബോംബുകൾ" ഇട്ടിട്ടു പോകുവാൻ പ്രയത്നിക്കുകയും ചെയ്യുന്നു. 1916ലെ ഫലം 1915 നോടു തുല്യമായിരുന്നില്ല. യാതൊരു നഷ്ടവും വരാതെ തന്നെ "ബോംബ്" കൃത്യമായി സ്ഥാപിക്കുന്നതിൽ ശ്രദ്ധയുള്ളവരായിരിക്കണം എന്ന് ഞങ്ങൾ സുഹൃത്തുക്കൾക്ക് മുന്നറിയിപ്പു നൽകി. വിതരണം ചെയ്ത സൗജന്യ പത്രികയുടെ അളവ് ഞങ്ങളുടെ ഗ്രഹണശേഷിക്കും അപ്പുറമായിരുന്നു. ആ വർഷത്തിലെ പ്രസിദ്ധീകരണം 2,21,58,000 **ബൈബിൾ സ്റ്റുഡന്റ് മാസികകളായിരുന്നു.** ഇവ പ്രിന്റ് ചെയ്യുവാൻ 5,98,000 പൗണ്ട് അഥവാ 16 ലോഡ് പേപ്പർ വേണ്ടിവന്നു. ഈ പത്രിക ബോംബുകൾ നിർമ്മൂലമാക്കിയ തെറ്റിന്റെ കോട്ടകളുടെ എണ്ണം ഗണിക്കുവാൻ ആർക്ക് സാധിക്കും? എന്നാൽ ഇത് ഈ വേലയുടെ യാദൃശ്ചികമായ സവിശേഷത ആയിരുന്നു. ഇതിലും മുഖ്യം ഇതു ഞങ്ങളുടെ ഹൃദയത്തിലുണ്ടാക്കിയ പ്രതിപ്രവർത്തനമായിരുന്നു. മറ്റുള്ളവരിലേക്ക് മഹാസന്തോഷത്തിന്റെ സദ്‌വർത്തമാനം എത്തിക്കുന്നതിലും ഞങ്ങൾ ഞങ്ങളെ തെറ്റുകളുടെ ബന്ധനത്തിൽ നിന്നും സ്വതന്ത്രരാക്കിയതു പോലെ മറ്റുള്ളവരെയും സ്വതന്ത്രരാക്കുന്നതിൽ എത്രമാത്രം ഞങ്ങൾ സന്തോഷിച്ചു!...

ഇപ്പോൾ ബ്രദർ റസ്സൽ നമ്മെ വിട്ടു ദൂരത്തിരിക്കുന്നതിനാൽ, പ്രസംഗ ശുശ്രൂഷ പൂർണ്ണമായും നിന്നു പോയേക്കാം. ഞങ്ങളുടെ വലിയ പ്രതീക്ഷകളെ ഒക്കെയും മറികടക്കുന്ന രീതിയിലുള്ള അനുഗ്രഹങ്ങളാണ് കർത്താവിങ്കൽ നിന്നും ഈ വേലയിൽ ഞങ്ങൾക്ക് ലഭിച്ചത്. പ്രഭാഷണങ്ങളെ പ്രസിദ്ധീകരിക്കുവാൻ അൻപത് വർത്തമാന പത്രങ്ങളെങ്കിലും ലഭിച്ചിരുന്നുവെങ്കിൽ അത് അത്ഭുതകരമായ ഒരു സാക്ഷ്യമാകുമായിരുന്നുവെന്നു ഞങ്ങൾ ആഗ്രഹിച്ചത് ഓർമ്മിക്കുന്നു. എന്നാൽ ഒരേ സമയത്ത് രണ്ടായിരം വർത്തമാന പത്രങ്ങൾ നമ്മുടെ പ്രഭാഷണങ്ങളെ പ്രസിദ്ധീകരിക്കുകയും, ആകെ മൊത്തം നാലായിരം വർത്തമാന പത്രങ്ങൾ വാരാന്ത്യകുറിപ്പുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ഞങ്ങൾ ചാറ്റൽമഴ ചോദിച്ചപ്പോൾ കർത്താവ് പ്രളയത്തോളമെത്തുന്ന വൻമഴ നൽകി. ദൈവത്തിനു പ്രസാദകരവും അവന്റെ ലക്ഷ്യത്തിനു ഉതകുകയും ചെയ്യേണ്ടതിനു ഏതു സമയത്തും വഴി തുറക്കുവാൻ അവൻ തന്റെ ശക്തിയും ബലവും ഉപയോഗിക്കും എന്നുള്ളതിനു എത്ര നല്ല തെളിവാണിത്! [ഉദ്ധരണിയുടെ അവസാനം]

## ഫോട്ടോ ഡ്രാമാ വഴിയുള്ള ശുശ്രൂഷ

ഉദ്ധരണി തുടരുന്നു (R-6022): അധികവും ഞായറാഴ്ചകളിൽ പ്രദർശിപ്പിക്കുന്ന ഏകദേശം ഇരുപത്തിയൊന്നു **ഡ്രാമകളാണ്** സജീവമായുള്ളത്. വളരെ കുറച്ചു മാത്രം മറ്റു ദിവസങ്ങളിൽ പ്രദർശിപ്പിക്കുന്നു. മുൻപ് **ഡ്രാമ** വിജയകരമായി പ്രദർശിപ്പിച്ചിരുന്നിടങ്ങളിലെ കൂട്ടായ്മകളിൽ തന്നെയാണ് ഈ ഇരുപത്തിയൊന്നെണ്ണവും പ്രദർശിപ്പിക്കുന്നത്. ഞങ്ങൾക്ക് ഇതിനെപ്പറ്റി ഉജ്ജ്വലമായ റിപ്പോർട്ടുകൾ ലഭിക്കുന്നു. അതിലൊന്ന് കാനഡയിലെ ടൊറന്റോയിൽ നിന്നുള്ളതായിരുന്നു. അവിടെ ആയിരം പേർ സന്നിഹിതരായിരുന്ന ഹാളിൽ ഒരൊറ്റ പ്രദർശനം കൊണ്ട് നൂറു കണക്കിനു പേർ മനം തിരിയപ്പെട്ടു എന്നു ഞങ്ങളെ അറിയിച്ചു. പങ്കെടുക്കുന്നവർ വളരെ താത്പര്യം പ്രകടിപ്പിക്കുകയും കൂടുതൽ വിവരം ആരാഞ്ഞുകൊണ്ടുള്ള കത്തുകൾ ഏൽപ്പിക്കുന്നുമുണ്ട്. **ഫോട്ടോ ഡ്രാമ** അനേകം അമേരിക്കൻ യുദ്ധക്കപ്പലുകളിൽ പ്രദർശിപ്പിച്ചു പോരുന്നു. അതിൽ നിരവധിപ്പേർ തങ്ങളുടെ താത്പര്യം രേഖപ്പെടുത്തിയിട്ടുമുണ്ട്. മെക്സിക്കൻ അതിർത്തിയിൽ നിർത്തിയിരുന്ന സൈനികർക്കും അതു പ്രദർശിപ്പിച്ചു, അവിടെ നിന്നും നല്ല റിപ്പോർട്ടുകൾ വരുന്നുണ്ട്. പ്രദർശിപ്പിക്കുവാൻ തയ്യാറായി രണ്ടു **ഡ്രാമകൾ** കൂടി ഞങ്ങളുടെ പക്കൽ ഉണ്ട്. ഈ **ഫോട്ടോ ഡ്രാമയെ** കുറച്ചു കാലത്തേക്കു കൈകാര്യം ചെയ്യുവാൻ കഴിയുന്ന വലിയ സഭകൾ ഉണ്ടെങ്കിൽ അവരിൽ നിന്നും ഉള്ള താത്പര്യത്തിനു സൊസൈറ്റി ചെവികൊടുക്കുന്നു. അഥവാ അവർക്കു പ്രാദേശികമായി വിദഗ്ധൻ ഇല്ലായെങ്കിൽ അറിയിച്ചാൽ ഞങ്ങൾ അതു നൽകിത്തരുന്നതായിരിക്കും. ഞങ്ങൾക്കു ലഭിച്ച ഏറ്റവും പുതിയ അറിയിപ്പനുസരിച്ച് പന്ത്രണ്ട് ദശലക്ഷം പേർ ഈ **ഡ്രാമ** കണ്ടു എന്നതാണ്. ഇത്തരത്തിൽ നിരവധി ക്ലാസുകളിൽ അംഗസംഖ്യ ഇരട്ടിക്കുകയും എതിരഭിപ്രായങ്ങൾ ഉണ്ടായിരുന്നവ ഈ പ്രദർശനത്താൽ മാറുകയും ചെയ്തിട്ടുണ്ട്. ഒരുപക്ഷെ മറ്റൊരു

വിധത്തിലും ഇവ രണ്ടും സാധ്യമാവുകയില്ലായിരുന്നു. [ഉദ്ധരണിയുടെ അവസാനം]. പാസ്റ്റർ റസ്സലിന്റെ വേലയുടെ വിശദ വിവരങ്ങൾക്ക് E9; അദ്ധ്യായം 5 കാണുക.

### പ്രാവുകളാലുള്ള തൽക്ഷണ സന്ദേശങ്ങൾ

ശാസ്ത്രീയ നാമകരണത്തിൽ പ്രാവും മാടപ്രാവും തമ്മിൽ വ്യത്യാസങ്ങളില്ല എന്നു നമുക്കറിയാം. മാടപ്രാവിനെ/പ്രാവിനെ അയച്ചുകൊണ്ട് ആദ്യമായി വിദൂര സന്ദേശമയച്ചത് ചിലപ്പോൾ നോഹ ആയിരിക്കാം: "പ്രാവ് വൈകുന്നേരത്ത് അവന്റെ അടുക്കൽ വന്നു; അതിന്റെ വായിൽ അതാ ഒരു പച്ച ഒലിവില; അതിനാൽ ഭൂമിയിൽ വെള്ളം കുറഞ്ഞു എന്നു നോഹ അറിഞ്ഞു" (ഉല്പ. 8:11). ദൈവത്തിന്റെ അനുഗ്രഹം ഭൂമിയിൽ പച്ചപ്പു കൊണ്ടുവരിക എന്നതാണ് എന്ന് ഇത് സൂചിപ്പിച്ചു. ദൈവവചന വ്യാപനത്തിന്റെ ആവശ്യം ദൈവം കണ്ടപ്പോൾ, ആശയവിനിമയത്തിനുള്ള പുതിയ വഴി അവൻ നൽകിത്തന്നു എന്നു നമുക്കു മനസ്സിലാക്കാം.

1832ൽ സാമുവൽ എഫ്.ബി. മോർസ് ടെലിഗ്രാഫിന്റെ സാധ്യതകളിൽ തന്റെ താത്പര്യം പ്രകടിപ്പിച്ചു. മോർസ് യൂറോപ്പിൽ നിന്നും ഒരു കപ്പലിലെ മടക്കയാത്രയിൽ വെച്ച് വൈദ്യുതകാന്തം വികസിപ്പിച്ചെടുത്ത ബോസ്റ്റൺ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞനായ ചാൾസ് തോമസ് ജാക്സണെ കണ്ടുമുട്ടി. അദ്ദേഹം 1837ൽ ശബ്ദലേഖനം ചെയ്യുന്ന വൈദ്യുത കമ്പി സന്ദേശ പ്രക്രിയ സ്വന്തമായി വികസിപ്പിക്കുകയും അതിന്റെ പൂർണ്ണാധികാരം കരസ്ഥമാക്കുകയും ചെയ്തു. 1835ൽ മോർസിന്റെ സഹായിയായിരുന്ന ആൽഫ്രെഡ് വെയ്ൽ സ്വീകരിക്കപ്പെട്ട സന്ദേശത്തെ രേഖപ്പെടുത്തുന്ന യന്ത്രസംവിധാനം വികസിപ്പിച്ചു. വൈദ്യുത കാന്തത്താൽ പ്രവർത്തിക്കുന്ന ഉപകരണത്താൽ ചലിക്കുന്ന പേപ്പർ ടേപ്പിൽ സൂചിയാൽ അതു കുത്തുകളായും വരികളായും കുറിച്ചു.

വർഷങ്ങളോളം നിക്ഷേപകരെ കണ്ടു പിടിക്കുന്നതിൽ ഇരുവരും ബുദ്ധിമുട്ടി. 1842ൽ മോർസ്, മെയിനിലെ രാഷ്ട്രീയകാരനായ ഫ്രാൻസിസ് ഓർമാൺഡ് ജോനാഥൻ സ്മിത്തിന്റെ ശ്രദ്ധ പിടിച്ചു പറ്റി. അതേ വർഷം ഡിസംബർ മാസത്തിൽ മോർസ് നിയമസഭാ കെട്ടിടത്തിലെ രണ്ടു കമ്മറ്റി മുറികളും തമ്മിൽ കമ്പി കോർത്ത് അങ്ങോട്ടും ഇങ്ങോട്ടും സന്ദേശങ്ങൾ അയച്ചു. സ്മിത്തിന്റെ പിന്തുണയോടു കൂടെ വാഷിങ്ടൺ ഡി.സി.യും മേരിലന്റിലെ ബാൾട്ടിമോറും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് മുപ്പത്തെട്ടു മൈൽ നീളമുള്ള കമ്പി സന്ദേശ ലൈൻ പരീക്ഷണത്തിനു മുപ്പതിനായിരം ഡോളർ തുക സർക്കാർ അനുവദിച്ചു. 24 മെയ് 1844ൽ, പ്രസിദ്ധിയാർജിച്ച "ദൈവം ഈ നൽകിത്തന്നിരിക്കുന്നത് എന്ത്!" എന്ന ആദ്യ സന്ദേശം മോർസ് റെക്കോർഡ് ചെയ്തു. ഈ കണ്ടു പിടുത്തത്തിനു മുൻപ് സന്ദേശങ്ങൾ കുതിരപ്പുരത്തും, ബോട്ടിലും, ട്രെയിനിലും മറ്റു ഗതാഗതമാർഗ്ഗത്തിലൂടെയും ആയിരുന്നു എത്തിച്ചു കൊണ്ടിരുന്നത്. സാധാരണയായി കമ്പി സന്ദേശത്തിനുള്ള കമ്പികൾ റെയിൽവേ ലൈനിനൊപ്പമാണ് വലിച്ചിരുന്നത്.

ഒരു ടെലഗ്രാഫ് സന്ദേശവാഹിനി പുനഃപ്രവർത്തിപ്പിക്കുവാനുള്ള ശ്രമത്തിലായിരുന്നു അലക്സാണ്ടർ ഗ്രഹാം ബെല്ലിന്റെ സഹായികളിലൊരാളായിരുന്ന തോമസ് എ. വാട്സൺ. അതിൽ നിന്നും പുറപ്പെട്ട ശബ്ദം ഗ്രഹാം ബെൽ കേട്ടപ്പോൾ മനുഷ്യശബ്ദം ഒരു കമ്പിയിലൂടെ അയക്കുന്നതിനുള്ള വൈഷമ്യത്തിനു പരിഹാരം കണ്ടെത്തുവാൻ സാധിക്കുമെന്ന് അദ്ദേഹത്തിനു വിശ്വാസമായി. ലളിതമായ തരംഗത്തെ എങ്ങനെ പ്രക്ഷേപിക്കാം എന്നു കണ്ടെത്തുകയും 1876 മാർച്ച് 7 ന് ആ കണ്ടുപിടുത്തത്തിന്റെ പൂർണ്ണാധികാരം ബെൽ നേടുകയും ചെയ്തു. ടെലഫോണിന്റെ കണ്ടുപിടുത്തം സമൂഹത്തിൽ വളരെ പ്രഭാവം സൃഷ്ടിച്ചു. ആശയവിനിമയം വിപുലീകരിക്കുന്നതിനു ഇതു സഹായകമായി. എത്ര ദൂരത്തുനിന്നും ലോകമെമ്പാടുമുള്ള വ്യക്തികളുമായി തൽക്ഷണം ബന്ധപ്പെടാൻ പറ്റുന്നു എന്നതാണ് ടെലഫോണിന്റെ പ്രധാന സവിശേഷത. ആശയവിനിമയം ഇതിലും എളുപ്പമാകുമായിരുന്നില്ല. കഴിഞ്ഞ 144 വർഷങ്ങൾക്കിടയിൽ ടോൺ ഡയലിങ്, കോൾ ട്രെയ്സിങ്, ഹോൾഡിങ് ടോൺ, ഇലക്ട്രോണിക് റിംഗർ എന്നിവ ആധുനിക ടെലഫോണിനെ വലിയൊരളവിൽ മാറ്റിമറിച്ചു. 1973 നു ശേഷമുള്ള സെൽഫോൺ കണ്ടുപിടുത്തവും ഇന്റർനെറ്റും വ്യക്തിഗത ആശയ വിനിമയത്തെ സുഗമമാക്കി. ഗൂഗിൾ, ബിംഗ്, യാഹൂ, ബൈഡൂ, യാന്റക്സ്, ഡക്ക് ഡക്ക് ഗോ എന്നിവ ചില സേർച്ച് എഞ്ചിനുകളാണ്. ഇവക്കു പുറമെ ട്വിറ്റർ, ഇൻസ്റ്റഗ്രാം, ടെക്സ്റ്റിംഗ്, ഫേസ്ബുക്ക് എന്നിവയും വന്നു.

അൻപതു വർഷങ്ങൾക്കു മുൻപ് നാം ചന്ദ്രനിലേക്കയച്ച ബഹിരാകാശ പേടകത്തേക്കാളും അധികം സാങ്കേതിക വിദ്യയുള്ള സ്മാർട്ട് ഫോണുകൾ ഇന്നു നമ്മുടെ പക്കൽ ഉണ്ട്. ലോകത്തിന്റെ ഏകദേശം എല്ലാം കോണുകളിലും നിന്നുകൊണ്ട് ആശയവിനിമയത്തിനും വിവരശേഖരണത്തിനും ഉള്ള ശ്രദ്ധേയമായ പുരോഗതികൾ സൃഷ്ടിക്കുവാൻ സെല്ലുലാർ സാങ്കേതികവിദ്യ എന്ന ആശയം നമ്മെ സഹായിച്ചു. ആദ്യത്തെ ഫോണുകൾ വിപണിയിലിറങ്ങുവാൻ ഒരു ദശാബ്ദത്തിലധികം വേണ്ടിവന്നു എങ്കിലും ഇന്ന് ഒരു നിർമ്മാതാവിൽ നിന്നും പുതിയ മോഡലുകൾ എല്ലാ വർഷവും വിപണിയിലെത്തുന്നു.

## എഴുതപ്പെടേണ്ട മറ്റൊരു പുസ്തകം
## വെളിപ്പാട് 20:12

"മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നിൽക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിനു ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായ വിധിയുണ്ടായി".

*ന്യായാസനം* ഭൂമിയിൽ സ്ഥാപിക്കപ്പെടുമ്പോൾ ക്രിസ്തുവിന്റെ സഹസ്രാബ്ദ മാദ്ധ്യസ്ഥ വാഴ്ചയിങ്കൽ ഇപ്പോഴത്തെ സാമൂഹിക ക്രമം അതിന്റെ അഴിമതികളോടും വലിയ തോതിലുള്ള അനീതിയോടും കൂടെ നിർത്തലാക്കപ്പെടും. അത് പിന്നെ ഒരിക്കലും എവിടെയും അനുവദിക്കുകയില്ല. പിന്നീടു ക്രിസ്തുവിലുള്ള വിശ്വാസവും, ദൈവത്തോടുള്ള സ്നേഹവും പുതിയ ക്രമീകരണത്തോടുള്ള അനുസരണവുമായിരിക്കും ഭരണതത്വങ്ങൾ. ഇപ്പോൾ ലോകത്തിന്മേലുള്ള "കുഴപ്പകാല"ത്തിലൂടെ നിലവിലുള്ള കാര്യക്രമങ്ങൾ നശിപ്പിക്കപ്പെട്ടതിനു ശേഷം ക്രിസ്തുവിലൂടെ ദൈവം തന്റെ മഹാ അധികാരം എടുത്ത്, വാഴ്ച തുടങ്ങുന്നതുവരെ സമൂഹത്തിൽ ഒരു മാറ്റവും ആരംഭിക്കയില്ല.

ഇതിനോടനുബന്ധിച്ച പ്രവചനം യെശ. 40:4 ൽ കാണാം: "എല്ലാ താഴ്വരയും നികന്നും എല്ലാ മലയും കുന്നും താണും വരേണം; വളഞ്ഞതു ചൊവ്വായും ദുർഘടങ്ങൾ സമമായും തീരേണം". സമൂഹം *പുനർനിർമ്മിക്കപ്പെടേണ്ടതും*, നിലവിലുള്ള അനീതിയെല്ലാം നികത്തിക്കൊണ്ട് നീതി നടപ്പാക്കേണ്ടതും ആണെന്നു മറ്റൊരു രീതിയിൽ ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നു എന്നാണ് ഇതിൽ നിന്നും ഞങ്ങൾ മനസിലാക്കുന്നത്.

ഇപ്പോഴത്തെ സാമൂഹിക സ്ഥിതി മാത്രമല്ല, കൂടാതെ ഇപ്പോഴത്തെ "ആകാശങ്ങളും" അഥവാ ആത്മീയ അധികാരങ്ങളുടെ നിയന്ത്രണവും കടന്നു പോകേണ്ടതാണ്. "ആകാശത്തിലെ അധികാരത്തിനും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിനു അധിപതിയായവൻ" എന്നു തിരുവെഴുത്തുകൾ സാത്താനെക്കുറിച്ചു പ്രസ്താവിക്കുന്നു (എഫെ. 2:2) "ഈ ലോകത്തിന്റെ പ്രഭു" എന്നും അവനെ വിളിച്ചിരിക്കുന്നു (യോഹ. 14:30). അവൻ പൂർണ്ണമായും പിടിച്ചു കെട്ടപ്പെടേണ്ടവനാണ് (മർക്കൊ. 3:24-27). ദുഷ്പ്രവൃത്തിയുടെ ആനുകൂല്യത്തിൽ ഇപ്പോൾ നിലവിലുള്ള അവന്റെ നിയന്ത്രണം അഥവാ ആത്മീയ അധികാരം അനന്തരം ഇല്ലാതെയാകും.

ന്യായാസനത്തിൻ മുൻപിൽ മനുഷ്യരാശിയെ വരിയിലും നിരയിലുമായി ക്രമപ്രകാരം നിർത്തുമെന്നല്ല ഇതിന്റെ അർത്ഥമായി ഞങ്ങൾ മനസിലാക്കുന്നത്. സഹസ്രാബ്ദ കാലത്തിൽ മനുഷ്യരാശി കാരുണ്യവാനായ ന്യായാധിപതിയുടെ സൂക്ഷ്മ നിരീക്ഷണത്തിനു കീഴിൽ ജീവിക്കും എന്നതാണ്. മത്താ. 25:31-46 ലെ ചെമ്മരിയാടിന്റെയും കോലാടിന്റെയും ചിത്രം ഇതിനനുരൂപമാണ്.

ഈ കാലത്ത് മനുഷ്യരാശിയിലെ കുറച്ചുപേർ ചില പ്രത്യേക നിബന്ധനകളിന്മേൽ (2 പത്രൊ. 1:4) നൽകിതന്ന ആത്മീയ ജീവിതം നേടിക്കൊണ്ട് മരണശിക്ഷയിൽ നിന്നും മോചിക്കപ്പെടുമെന്നും അപ്രകാരം ഭൂമിയിൽ വരുവാനിരിക്കുന്ന ദൈവരാജ്യത്തിന്റെ നിയമങ്ങളോടു അനുസരണമുള്ളവരായിരുന്നാൽ ലോകമാനവരാശിയും മരണശിക്ഷയിൽ നിന്നും രക്ഷപ്പെടുവാൻ അവകാശം പ്രാപിക്കുമെന്നും നാം മനസിലാക്കുന്നു. യേശു അവർക്കൊരു മറുവില നൽകിയതിനാലാണ് നിത്യജീവനുള്ള ഈ അവകാശം അവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്.

അവർ പരിശോധിക്കപ്പെടേണ്ടതായ വിധികളടങ്ങിയ പുസ്തകം തുറക്കപ്പെടും, അതു ബൈബിളിലെ പുസ്തകങ്ങൾ ആണെന്നു ഞങ്ങൾ മനസിലാക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട സഭയും അതേ പുസ്തകങ്ങൾക്ക് അനുസൃതമായിട്ടാണ് ന്യായം വിധിക്കപ്പെട്ടിരുന്നത്. യേശുവിന്റെ യോഹ. 12:48 ലെ സഹസ്രാബ്ദത്തെ കുറിച്ചുള്ള പ്രസ്താവനയോടിതു യോജിക്കുന്നു.

ക്രിസ്തുവിന്റെ സഹസ്രാബ്ദ മാദ്ധ്യസ്ഥ വാഴ്ചയിൽ യേശുവിന്റെ വാക്കുകൾ ഉപമകളിലും ഗൂഢമൊഴികളിലുമായി മറഞ്ഞുകിടക്കുകയുമില്ല. രഹസ്യമായതെല്ലാം വെളിപ്പെടും. പഴയനിയമത്തിലേയും പുതിയനിയമത്തിലേയും പുസ്തകങ്ങൾ എല്ലാം തുറക്കപ്പെടും. മുഴുഭൂമിയിലും കർത്താവിന്റെ ജ്ഞാനം നിറയും. ദൈവേഷ്ടത്തെ മറ്റുള്ളവരിലേക്കെത്തിക്കുക എന്ന ഏക കാരണത്താലല്ല, നാം ഇന്ന് ചരിത്രം ഉപയോഗിക്കുന്നതുപോലെ അറിവിന്റെ ഉറവിടമായി അന്ന് ബൈബിൾ ഉപയോഗിക്കപ്പെടും എന്ന് വിശ്വസിക്കുവാൻ മതിയായ കാരണങ്ങൾ നമ്മുടെ പക്കൽ ഉണ്ട്. ദിവ്യവാഗ്ദത്തത്തെക്കുറിച്ചും, ലോകത്തിന്റെ പരിശോധനയെ കുറിച്ചും ദൈവത്തിന്റെ നിയമങ്ങളെക്കുറിച്ചും അവ മനുഷ്യരെ ബോധ്യപ്പെടുത്തും. പുതിയനിയമത്തിലെ ഗുരുവിന്റെയും അപ്പൊസ്തലന്മാരുടെയും വചനങ്ങളാൽ മാത്രമല്ല പഴയനിയമത്തിലെ പുരാതന പ്രവാചകന്മാരാലും നൽകിത്തന്ന ദൈവദൂതുകളാലും അവർ പ്രകാശിതരാകും. ലോകത്തിനു ബൈബിൾ ഇന്ന് മുദ്രയിടപ്പെട്ട ഒരു പുസ്തകമാണ്. അവന്റേതായവർക്കു മാത്രം അവന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കകൊണ്ടു മനസ്സിലാക്കാനാകും.

"ജീവന്റെ പുസ്തകം" എന്ന മറ്റൊരു പുസ്തകവും തുറന്നിരുന്നു. മാനുഷതലത്തിൽ പൂർണ്ണ ജീവനു

യോഗ്യരാകുന്നവർക്കു വേണ്ടി അടുത്തയുഗത്തിൽ ജീവന്റെ ഒരു പുസ്തകം അഥവാ സാക്ഷ്യം സൂക്ഷിച്ചു വെച്ചിട്ടുണ്ട് എന്നു ഇതു സൂചിപ്പിക്കുന്നു. "മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിനു മുമ്പിൽ [ദൈവത്തിന്റെ ന്യായാസനത്തിനു മുൻപിൽ] നിൽക്കുന്നതും കണ്ടു; പുസ്തകങ്ങൾ [യേശുവിന്റെയും അപ്പൊസ്തലന്മാരുടെയും പുരാതന പ്രവാചകന്മാരുടെയും വാക്കുകൾ അടങ്ങുന്ന ബൈബിളിലെ അറുപത്തിയാറു പുസ്തകങ്ങൾ] തുറന്നു [വിശദീകരിച്ചു, വ്യക്തമാക്കപ്പെട്ടു] (വെളി. 20:12; യെശ. 29:18,24; ലൂക്കൊ. 24:27,32)... മറ്റൊരു പുസ്തകവും തുറന്നു" – സഹസ്രാബ്ദ വെളിപ്പാടുകൾ, പുതിയ ഉടമ്പടിയുടെ വെളിപ്പാടുകൾ, നിയമദാതാവെന്ന നിലയിലും സമാധാനപ്രഭു എന്ന നിലയിലും രാജാധിരാജാവെന്ന നിലയിലും യേശുവിന്റെ നിയമങ്ങളും ഉപദേശങ്ങളും വ്യക്തമാക്കപ്പെടുകയും ചെയ്യും.




ക്രിസ്തുവിന്റെ മാദ്ധ്യസ്ഥ വാഴ്ചയുടെ ആരംഭത്തിൽ തുടങ്ങുന്ന ദൈവവും മനുഷ്യനും തമ്മിലുള്ള പുതിയ ക്രമീകരണത്തിന്റെ തിരുവെഴുത്തുകളിൻ പ്രകാരമുള്ള നാമമാണ് പുതിയ ഉടമ്പടി എന്നത്. മനുഷ്യരാശിയെ ദൈവകൃപയിലേക്കു മടക്കി കൊണ്ടുവരിക എന്നതാണ് പുതിയ ഉടമ്പടിയുടെ ഉദ്ദേശ്യം. പുതിയ ഉടമ്പടിയിൽ മൂന്നു ഘടകങ്ങൾ അടങ്ങിയിരിക്കുന്നു. അവയെ നിർമ്മാണത്തിലിരിക്കുന്ന ഒരു ഭവനത്തോടു താരതമ്യം ചെയ്തു കണക്കാക്കാം.

ഒരു ഭവനത്തിന്റെ ആദ്യത്തെ അഥവാ അടിസ്ഥാന ഘട്ടം പ്രാഥമിക രേഖാരൂപമാണ്. ക്രിസ്തുവും സഭയും സുവിശേഷയുഗത്തിൽ അർപ്പിച്ച "നല്ല യാഗങ്ങൾ" (എബ്രാ. 9:23) ഇതിനോടു ഒക്കുന്നു. ഇത് പുതിയ ഉടമ്പടിയുടെ അടിസ്ഥാനമാണ്.

രണ്ടാം ഘട്ടം, വീടിന്റെ *നിർമ്മാണമാണ്*. ഇത് പുതിയ ഉടമ്പടിയുടെ *മുദ്രയിടലിനു* അഥവാ *ആരംഭത്തിനോടു* അനുരൂപമാണ്. ഈ വേല പൂർണ്ണമായും നിർവ്വഹിക്കുവാൻ സഹസ്രാബ്ദം പൂർണ്ണമായും വേണ്ടിവരും. ഇതാണ് ശിരസ്സും ശരീരവുമായ മദ്ധ്യസ്ഥനായ ക്രിസ്തു. ദൈവത്തിനും മനുഷ്യർക്കും ഇടയിൽ നിൽക്കുകയും, രണ്ടു കക്ഷികൾക്കും പരസ്പരം ജാമ്യം നിൽക്കുകയും ചെയ്യുന്ന കാലം. സഹസ്രാബ്ദത്തിന്റെ അന്ത്യത്തോടെ, കാഴ്ചയിൽ അനുസരണം കാണിക്കുന്നവരെ എല്ലാം ആദാം ഏദനിൽവച്ച് അനുഭവിച്ച പൂർണ്ണതയിലേക്കു ക്രിസ്തു മടക്കിക്കൊണ്ടുവരും.

മൂന്നാം ഘട്ടം ഭവനത്തിലുള്ള *വാസം* ആണ്. സഹസ്രാബ്ദയുഗത്തിന്റെ അന്ത്യത്തിൽ ആരംഭിക്കുന്നതും ദൈവവും മനുഷ്യനും തമ്മിലുള്ള എന്നേക്കും നിലനിൽക്കുന്നതുമായ പുതിയ നിയമത്തിന്റെ *പ്രവർത്തനരീതിയോടു* ഇത് അനുരൂപപ്പെട്ടിരിക്കുന്നു. മദ്ധ്യസ്ഥൻ മനുഷ്യവർഗ്ഗത്തെ ദൈവത്തിലേക്കു തിരിക്കുകയും അവർ ദൈവവുമായി നേരിട്ടുള്ള ഉടമ്പടി ബന്ധത്തിൽ പ്രവേശിക്കുകയും ചെയ്യും. ഈ ഘട്ടത്തിലെ ആദ്യത്തെ പ്രവർത്തനം അൽപകാല പരിശോധന ആയിരിക്കും. ഓരോ വ്യക്തികളുടെയും ഹൃദയ നിരൂപണങ്ങൾ പരിപൂർണ്ണമായി പരിശോധിക്കുകയും പരാജയപ്പെടുന്നവരെ രണ്ടാം മരണത്തിനു ഏൽപ്പിച്ചു കൊടുക്കുകയും ചെയ്യും. വിശ്വസ്തരെന്നു തെളിയിക്കുന്നവർ മഹത്വത്തിന്റെ യുഗങ്ങളിലേക്കു പ്രവേശിക്കും. അവർക്കായുള്ള അനുഗ്രഹങ്ങൾ എന്തെല്ലാമെന്നു ദൈവവചനത്തിൽ വെളിപ്പെടുത്തിയിട്ടില്ല.

പുതിയ ഉടമ്പടിയുടെ വ്യവസ്ഥകൾ അനുസരിച്ചു, പുതിയ ഉടമ്പടിയുടെ വെളിപ്പാടുകൾ നൽകുന്നതു വരെ വെളിപ്പെടുത്തപ്പെടുകയില്ല. വെളി. 20:12 ലെ അവസാന ഭാഗങ്ങളിൽ ഇതിനെ സൂചിപ്പിക്കുന്നു, "ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിനൊത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി".

മത്താ. 22:37-39ൽ നമ്മുടെ കർത്താവു സ്പഷ്ടമായി സൂചിപ്പിക്കുന്നതായ ദൈവത്തോടുള്ള സ്നേഹത്തിലും കൂട്ടുകാരനോടുള്ള സ്നേഹത്തിലും അടിസ്ഥാനപ്പെട്ടിരിക്കുന്നതാണ് ഈ വ്യവസ്ഥകൾ എന്നുള്ളതിനു യാതൊരു സംശയവും ഇല്ല. ആ സമയത്ത് ദൈവം സ്നേഹം എന്ന തന്റെ നിയമത്തെ അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയത്തിന്റെ പലകയിൽ എഴുതും (യിരെ. 31:33). അവൻ അവർക്കു പുതിയൊരു ആത്മാവിനെ നൽകി കല്ലായുള്ള ഹൃദയം നീക്കി മാംസമായുള്ള ഹൃദയം അവർക്കു കൊടുക്കും (യെഹെ. 11:19).

ബ്രദർ റസ്സലിന്റെ ശുശ്രൂഷയ്ക്കും, കർത്താവു തന്റെ സഹസ്രാബ്ദ പൂർവ്വ അനുഗ്രഹങ്ങളായി നൽകിത്തന്ന ആധുനികമായ സകല ഗതാഗത ആശയവിനിമയ സംവിധാനങ്ങളെയും ഉപയോഗിച്ചുകൊണ്ടു യഥാകാല സത്യത്തിന്റെ തുടർച്ചയ്ക്കും വെളിപ്പെടുത്തലിനുമായി അവനെ അനുഗമിക്കുവാൻ തയ്യാറായ ഏവർക്കുമായും ദൈവത്തെ സ്തുതിക്കാം!

# ദൈവത്തിന്റെ സർവ്വായുധവർഗ്ഗം

## THE WHOLE ARMOR OF GOD

**"അതുകൊണ്ടു നിങ്ങൾ ദുർദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ടു ഉറെച്ചു നിൽപ്പാനും കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവിൻ" (എഫെ. 6: 13).**

ദൈവേഷ്ടം ചെയ്യുന്നതിന് അതിനെ അന്വേഷിക്കുന്നതിലൂടെ അവന്റെ ജനം വിശ്വസ്തരെന്ന മഹത്തായ അവകാശത്തിനായി തങ്ങളെത്തന്നെ ഒരുക്കുന്നു. എന്തൊക്കെ പരിശോധനകൾ ദൈവം അവർക്ക് അനുവദിച്ചാലും ക്രിസ്തുാനുരൂപതയിൽ ഉറപ്പിക്കപ്പെട്ടിരിക്കുന്ന ഇവർ ഒരു നാളും ഇടറിപ്പോകയില്ല (2 പത്രൊ. 1:5-11). "ദുർദ്ദിവസത്തിൽ" ചിലർക്കു പിടിച്ചു നിൽക്കാനായേക്കുമെന്നും എന്നാൽ വളരെ അധികം പേർക്കും അതു സാധിക്കില്ല എന്നും പൗലൊസ് അപ്പൊസ്തലൻ നമ്മുടെ ഈ ആധാരവാക്യത്തിൽ സൂചിപ്പിക്കുന്നു. ആ ദിവസത്തിൽ പിടിച്ചു നിൽക്കണമെന്നു ആഗ്രഹിക്കുന്നവർ "ദൈവത്തിന്റെ സർവ്വായുധവർഗ്ഗം" ധരിക്കണമെന്നു അദ്ദേഹം പ്രസ്താവിക്കുന്നു. നമ്മുടെ ആത്മാക്കളെ പൂർണ്ണമായും പരിശോധിക്കുന്നതിനായി ആസന്നമായിരിക്കുന്ന പോരാട്ടത്തെക്കുറിച്ച് നമുക്ക് അറിവു ലഭിച്ചിട്ടുണ്ട്. ആയതിനാൽ ആ പോരാട്ടത്തിനു മുന്നോടിയായി നമ്മുടെ ആയുധവർഗ്ഗം ധരിക്കേണ്ടത് ഉചിതമായ കാര്യമാണ്.

"ദുർദ്ദിവസം" എപ്പോൾ ഉണ്ടാകുമെന്നു കർത്താവ് അപ്പൊസ്തലന്മാർക്കു വെളിപ്പെടുത്തിയില്ല. അതു ഭാവിയിലാണെന്നു അവർക്ക് അറിയാമായിരുന്നുവെങ്കിലും ഭാവിയിൽ എപ്പോളാണെന്നു അവർക്ക് അറിയില്ലായിരുന്നു. അവരുടെ മരണത്തിനു മുൻപ് ഇത് ഉണ്ടാകുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നില്ല. കാരണം അവരുടെ ഇപ്പോഴത്തെ ശരീരത്തെ മരണത്തിനു ഒഴുക്കിക്കളഞ്ഞ്, ഒന്നാം പുനരുത്ഥാനത്തിൽ ഉയിർത്തെഴുന്നേൽക്കുമെന്നു അവർ പ്രതീക്ഷിച്ചിരുന്നു. ക്രിസ്തുവിന്റെ രണ്ടാം വരവ് വളരെ ഹ്രസ്വമായ കാലത്തിൽ ഉണ്ടാകുമെന്നവർ വിശ്വസിച്ചിരുന്നു. കർത്താവിന്റെ നാളിന്റെ കൃത്യമായ കാലത്തെ അതറിയിച്ചുകൊടുക്കേണ്ടുന്ന തക്കസമയം വരെ തന്റെ ജനങ്ങളെ അറിയിക്കാതിരിക്കുക എന്നത് ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണ് (മർക്കൊ. 13:32; 1 തെസ്സ. 5:1-5). എന്നാൽ ശ്രദ്ധയോടെ സർവ്വായുധവർഗ്ഗം ധരിച്ച് അതിൽ തുടരുകയാണെങ്കിൽ "ദുർദ്ദിവസത്തിൽ" അവർക്കെതിർത്തു നിൽക്കാനാകുമെന്ന് അവൻ അവർക്ക് ഉറപ്പു നൽകി. അതെ, ദൈവത്താൽ അംഗീകരിക്കപ്പെടേണ്ടതിനു നാം പഠിക്കണം!




സുവിശേഷ യുഗാന്ത്യത്തിലുള്ള മഹാകഷ്ടകാലത്തെക്കുറിച്ച് ദൈവവചനം നമ്മെ ചൂണ്ടിക്കാണിക്കുന്നു. പറൂസിയ, എപ്പിഫനി കാലഘട്ടങ്ങളിൽ വളരെ വിശിഷ്ടമായ കൊയ്ത്തിൻ വേല ഉണ്ടായിരുന്നു. ആ കൊയ്ത്തിന്റെ ഏഴു ഘട്ടങ്ങൾ ഇന്നും അതായത് വിശാലമാക്കപ്പെട്ട ഈ സുവിശേഷയുഗ കൊയ്ത്തിൻ കാലഘട്ടത്തിലും തുടരുന്നു. മുറിച്ചുമാറ്റൽ, കറ്റകെട്ടൽ, ഉണക്കൽ, മെതിക്കൽ, പാറ്റൽ, അരിക്കൽ, കളപ്പുരയിൽ ചേർക്കൽ എന്നിവയാണ് കൊയ്ത്തിന്റെ ഏഴു ഘട്ടങ്ങൾ. ലോകത്തിനു മാത്രമല്ല കർത്താവിന്റെ ജനങ്ങൾക്കു കൂടി വളരെ കഠിനമായ പരീക്ഷയുടെ കാലഘട്ടമായി ഇതിനെ സൂചിപ്പിച്ചിരിക്കുന്നു. ഈ "ദുർദ്ദിവസം" ഇന്നു നമ്മുടെ മേൽ വന്നിരിക്കുന്നു, "അവന്റെ മഹാകോപദിവസം വന്നു; ആർക്കു നിൽപ്പാൻ കഴിയും?" (മലാ. 3:1,2; വെളി. 3:10; 6:17). ഈ നാളിലെ പരീക്ഷകളിൽ ഒരുപക്ഷേ നിലനിന്നു പോകേണ്ടതിനു "ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചു" തയ്യാറാകുവിൻ എന്നതാണ് ഈ ദുർദ്ദിവസത്തിൽ കർത്താവിന്റെ ജനങ്ങൾക്കുള്ള അടിയന്തിരമായ സന്ദേശം! സർവ്വായുധവർഗ്ഗത്തിന്റെ ഓരോ ഭാഗവും, പരിശുദ്ധാത്മാവിന്റെ ഓരോ കൃപാവരങ്ങളാണ്. "അവനവന്റെ പ്രവൃത്തി വെളിപ്പെട്ടുവരും; ആ ദിവസം അതിനെ തെളിവാക്കും; അതു തീയോടെ വെളിപ്പെട്ടു വരും; ഓരോരുത്തന്റെ പ്രവൃത്തി ഇന്നവിധമെന്നു തീ തന്നെ ശോധനചെയ്യുന്ന ദുർദ്ദിവസത്തിനു അനുയോജ്യമായ തയ്യാറെടുപ്പിന്റെ ഭാഗമാണവ (1 കൊരി. 3:13; 4:5; എഫെ. 6:13-18; 2 പത്രൊ. 1:4-11; ഗലാ. 5:19-26).

“ഭാവി കാലത്ത്”, അതായത് “അന്ത്യകാലത്ത്” അനേകർ വിശ്വാസം ത്യജിച്ചു കളയുന്ന “ദുർഘടസമയങ്ങൾ വരും.” എന്നു അപ്പൊസ്തലനായ പൗലൊസ് സഭയ്ക്ക് മുന്നറിയിപ്പു നൽകുന്നു (1 തിമൊ. 4:1,2; 2 തിമൊ. 3:1-7). നാം ഇന്നു ജീവിച്ചിരിക്കുന്ന കാലഘട്ടം ക്രിസ്തീയ വിശ്വാസത്തിനു പ്രത്യേകമായി ദുർഘടമായിത്തീർന്നിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, നിഗൂഢവും വഞ്ചനാത്മകവുമായ അനേകം തെറ്റുകൾ [കൊയ്ത്തിന്റെ ആറാമത്തെ ഘട്ടമായ *അരിക്കൽ*] സത്യത്തിന്റെ പുരോഗതിയെ തടയുവാൻ ഉയർന്നു വരുന്നു. എന്നാൽ തന്റെ ജനത്തിനായുള്ള ദൈവത്തിന്റെ കരുതൽ നടപടികൾ ദുർഘട സമയങ്ങളിൽ ആപത്ഘട്ടങ്ങളിലെ ആവശ്യത്തിനു പര്യാപ്തമാണ്. ഈ “ദുർദ്ദിവസത്തിനു” മുൻപ് ഒരിക്കലും *സർവ്വായുധവർഗ്ഗം* ഇത്രത്തോളം ആവശ്യമായി വന്നിരുന്നില്ല. നാം ആ ആയുധവർഗ്ഗത്തെ ശീലമാക്കുന്നതിനും, അതിൽ ആശ്വാസം കണ്ടെത്തുന്നതിനും അതിനെ അഭയമാക്കുന്നതിനുമായി കർത്താവ് ഓരോന്നോരോന്നായി നമുക്കത് കൈമാറുന്നു. എന്തുകൊണ്ടെന്നാൽ “ദുർദ്ദിവസത്തിൽ” ഇവയുടെ അഭാവത്തിൽ ആർക്കും നിലനിൽക്കുവാൻ സാധിക്കുകയില്ല.




വിളിക്കപ്പെട്ടവരും ദൈവത്തിന്റെ വിശ്വസ്തരുമായവർ ഈ ഉപദേശത്തെ ശ്രദ്ധിച്ചു പോരുന്നു. ആയുധവർഗ്ഗം അവർ സ്വീകരിക്കുന്നതനുസരിച്ച് തങ്ങളുടെ ശരീരത്തിൽ അവയെ വേഗത്തിൽ ഉറപ്പിച്ചുകൊണ്ട് ഇന്നവർ സത്യത്തെ പൂർണ്ണമായും ധരിച്ചു നിൽക്കുന്നു (എഫെ. 6:13-19). അവരുടെ അരയ്ക്ക് അതു കെട്ടിയിരിക്കുന്നു. അവരുടെ പാദങ്ങൾ അത് ധരിച്ചിരിക്കുന്നു. രക്ഷ എന്ന ശിരസ്ത്രമായി (തെറ്റുകളുടെ കെണിയിൽ നിന്നും വഞ്ചനയിൽ നിന്നുമുള്ള രക്ഷ) അത് അവരുടെ ശിരസ്സിനെ (അവരുടെ ബൗദ്ധികമായ കഴിവുകൾ) മൂടുന്നു. ഇവയെ കൂടാതെ അവർക്കു നീതി എന്ന കവചവും ഉണ്ട്. അത് ക്രിസ്തുവിന്റെ നീതിയെയും സത്യം അവരിൽ വളർത്തിയെടുത്ത നീതി നിറഞ്ഞ സ്വഭാവത്തെയും കാണിക്കുന്നു. അവരുടെ കരങ്ങളിലോ ദൈവവചനം എന്ന ആത്മാവിന്റെ വാളുണ്ട്. അവർ ക്രിസ്തുവിന്റെ ഉപദേശങ്ങളെ കാവൽ ചെയ്യുവാനായി ആ വാളിനെ എളുപ്പത്തിൽ, ഊർജ്ജസ്വലതയോടെ കൈകാര്യം ചെയ്യുവാൻ ഇപ്പോൾ പ്രാപ്തരാണ്. അതോടൊപ്പം അവരുടെ വിശ്വാസം എന്ന പരിച ശത്രുവിന്റെ എല്ലാ തീയമ്പുകളിൽ നിന്നും അവരെ രക്ഷിക്കുവാൻ പ്രാപ്തവുമാണ്.

ഇത്തരം ഒരു സർവ്വായുധവർഗ്ഗം നൽകിത്തന്നതിനായി ദൈവത്തെ നമുക്കു സ്തുതിക്കാം! നിങ്ങൾ അത് ധരിച്ചിട്ടുണ്ടോ? നിങ്ങളുടെ പിതാക്കന്മാർക്ക് സർവ്വായുധവർഗ്ഗം ഉണ്ടായിരുന്നപ്പോൾ അവർ കഴിഞ്ഞുകൂടിയതുപോലെ ഞങ്ങളും രക്ഷപെടും എന്ന ചിന്തയിൽ നിങ്ങൾ തൃപ്തിപ്പെടരുത്. നിങ്ങൾക്കിത് അനിവാര്യമായിരിക്കേണ്ട സമയം ഇന്ന് അതിക്രമിച്ചിരിക്കുന്നു. അതില്ലായെങ്കിൽ നിങ്ങൾ ഉറപ്പായും വീണുപോകും. കഴിഞ്ഞ കാലത്തെ വിശുദ്ധന്മാർക്കു നൽകിയ സർവ്വായുധവർഗ്ഗം അവരുടെ നാളിനും, ആ നാളിലെ പരിശോധനയ്ക്കും മതിയായതായിരുന്നു. എന്നാൽ ഈ "ദുർദ്ദിവസത്തിൽ" വളരെ അധികമായി വരുന്ന തെറ്റിന്റെ പ്രചാരത്തിനും വിശ്വാസത്തിന്റെ പരിശോധനയ്ക്കും അധികമായ പ്രതിരോധം ആവശ്യമാണ്.

മുൻപൊരിക്കലും പരിശോധിക്കപ്പെട്ടിട്ടില്ലാത്തതുപോലെ ക്രിസ്തീയ വിശ്വാസം ഇക്കാലത്ത് പരിശോധിക്കപ്പെടുന്നു. മുൻപൊരിക്കലും ഉണ്ടായിരുന്നതിലും അധികമായി ദൈവവചനത്തിനു വിപരീതമായ വളരെ അധികം വിശ്വാസങ്ങളെ ഇന്നു സാത്താന്റെ പ്രതിനിധികൾ കണ്ടെത്തിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ പലരും “രക്ഷിക്കപ്പെടുവാൻ തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ” ദൈവം “അവർക്കു ഭോഷ്കു വിശ്വസിക്കുമാറ് വ്യാജത്തിന്റെ വ്യാപാരശക്തിയെ അയയ്ക്കുവാൻ” അനുവദിക്കുന്നു (2 തെസ്സ. 2:10,11). വിവിധ മയക്കു മരുന്നുകളുടെ വലിയ നിരയാൽ ആയിരക്കണക്കിനു പേർ മാനസ്സികമായി ആധുനിക മിഥ്യബോധത്തിലേക്കു വീണുപോയിരിക്കുന്നു. ഇതു മൂഢമായ പെരുമാറ്റത്തിലേക്കു നയിക്കുകയും, അതു പിന്നീട് നാശത്തിൽ അവസാനിക്കുകയും ചെയ്യും. പുകയില, മദ്യം, ഔഷധക്കുറിപ്പികൾ, നിയമവിരുദ്ധ മയക്കുമരുന്നുകൾ എന്നിവ അമേരിക്കൻ ഐക്യനാടുകൾക്ക് സാമ്പത്തിക നികുതി ലഭ്യമാക്കുന്നവയാണെങ്കിലും 137 ലക്ഷം കോടി ഡോളർ ചിലവ് ആരോഗ്യരക്ഷാ മേഖലയ്ക്ക് ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്.

ദൈവത്തിന്റെ സർവ്വായുധവർഗ്ഗത്തെ മുഴുവനായും ധരിച്ചുകൊണ്ട് തങ്ങളെത്തന്നെയും മറ്റുള്ളവരെയും ലോകത്തിന്റെയും ജഡത്തിന്റെയും പിശാചിന്റെയും ആക്രമണങ്ങളിൽ നിന്നു പ്രതിരോധിക്കുവാൻ തയ്യാറാക്കിക്കൊണ്ട് സജ്ജരാകുന്നതിനു പകരം നിരവധി പേർ ഈ ആയുധവർഗ്ഗം ഓരോന്നായി മാറ്റിവെച്ച്

ഉറങ്ങുവാൻ പോയിരിക്കുന്നു. പലരും അങ്ങനെ ഒന്നും അറിയാതെ കിടക്കുന്നു. "മടിയാ, നീ എത്രനേരം കിടന്നുറങ്ങും? എപ്പോൾ ഉറക്കത്തിൽ നിന്നു എഴുന്നേൽക്കും? {എന്നിട്ടും} കുറെക്കൂടെ ഉറക്കം, കുറെക്കൂടെ നിദ്ര; കുറെക്കൂടെ കൈകെട്ടി കിടക്ക. അങ്ങനെ നിന്റെ ദാരിദ്ര്യം കള്ളനെപ്പോലെയും നിന്റെ ബുദ്ധിമുട്ട് ആയുധപാണിയെപ്പോലെയും വരും" (സദൃ. 6:9-11; 24:30-34 ARV).

എന്നാൽ ക്രൂശിന്റെ വിശ്വസ്ത പടയാളികളായ നാം കൃത്യമായി ആയുധം ധരിച്ചും, ഉണർന്നും, എല്ലാ സമയത്തും ജാഗരൂകരായും ഇരിക്കുന്നു. നാം "എല്ലാവരും വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളും ആകുന്നു; നാം രാത്രിക്കും ഇരുളിനും ഉള്ളവരല്ല. ആകയാൽ നാം ശേഷമുള്ളവരെപ്പോലെ ഉറങ്ങാതെ ഉണർന്നും സുബോധമായും ഇരിക്ക... നാമോ പകലിനുള്ളവരാകയാൽ വിശ്വാസവും സ്നേഹവും എന്ന കവചവും ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിച്ചുകൊണ്ടു സുബോധമായിരിക്ക" (1 തെസ്സ. 5:5-8). "നിങ്ങളുടെ അരയ്ക്കു സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിനു ചെരുപ്പാക്കിയും എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെയൊക്കെയും കെടുക്കുവാൻ തക്കതായ വിശ്വാസം എന്ന പരിച എടുത്തും കൊണ്ടും നിൽപിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ" (എഫെ. 6:14-17). ഇവയൊക്കെയും ചെയ്താൽ മാത്രമെ നമ്മുടെ ആധാരവാക്യം പറയുന്നതുപോലെ നമുക്ക് "ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ട് ഉറച്ചു നിൽപ്പാനും" കഴിയൂ.

എന്റെ ജനമായുള്ളോരേ അവളെ വിട്ടു പോരുവിൻ എന്നുള്ള വിളി ദൈവത്തിന്റെ വിശ്വസ്തരായ യഥാർത്ഥ സഭയുടെ ഭാഗമായ അവസാന ഗണത്തിലേക്കും എത്തിയിരിക്കുന്നു എന്ന് ഞങ്ങൾ മനസ്സിലാക്കുന്നു (വെളി. 18:4). വിശ്വസ്തരായ അബ്രഹാമിന്റെ സഹസ്രാബ്ദ പൂർവ്വ സന്തതിയായ എപ്പിഫനി പാളയ സമർപ്പിതർ, ഭൂമിയിലെ പ്രഭുക്കന്മാരായി ദൈവത്തെ എന്നേക്കും സ്തുതിക്കുകയും വീരന്മാർക്ക് എന്നേക്കും സഹായികളായിരിക്കുകയും ചെയ്യും. "ഞാൻ നിന്റെ നാമത്തെ എല്ലാ തലമുറകളിലും ഓർക്കുമാറാക്കും. അതുകൊണ്ട് ജാതികൾ എന്നും എന്നേക്കും നിനക്കു സ്തോത്രം ചെയ്യും" (സങ്കീ. 45:17; PT' 84 p. 92). ക്രിസ്തുവിന്റെ സഹസ്രാബ്ദ മാദ്ധ്യസ്ഥ വാഴ്ചയിൽ വരുവാനുള്ള വേലയ്ക്കു വേണ്ടി യഹോവ സന്നദ്ധരാക്കിക്കൊണ്ടിരിക്കുന്ന ഇപ്പോഴത്തെ പ്രഥമ ഗണമാണ് എപ്പിഫനി പാളയ സമർപ്പിതർ. ഈ എപ്പിഫനി പാളയ സമർപ്പിതർക്ക് തങ്ങളുടെ ആയുധവർഗ്ഗം യഥാസ്ഥാനത്തുണ്ട്. അവർ ദൈവവചനത്തിന്റെ സംരക്ഷണത്തിനായി സത്യം എന്ന കൊടി ഉയർത്തി പിടിച്ചുകൊണ്ട് നിൽക്കുന്നു.

# എല്ലാ ക്രിസ്ത്യാനികൾക്കും സത്യം നൽകുന്നു – എപ്പോൾ?

## GIVING ALL CHRISTIANS THE TRUTH – WHEN?

ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട പാത്രമായ പാസ്റ്റർ ചാൾസ് റ്റെയ്സ് റസ്സലിന്റെ (മത്താ. 24:45,46) ഉപദേശങ്ങളെ അടിസ്ഥാനമാക്കി പടിപടിയായി മുന്നേറിക്കൊണ്ടിരിക്കുന്ന സത്യത്തെ പ്രാമുഖ്യത്തിലെത്തിക്കുവാൻ ദൈവം അനേകം വർഷങ്ങളായി [100ൽ അധികം] ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പ്രസ്ഥാനമാണ് ബൈബിൾ സ്റ്റാൻഡേർഡ് മിനിസ്ട്രീസ് [LHMM]. സമർപ്പിതരായ ജനങ്ങൾക്കുള്ള ദൈവത്തിന്റെ രക്ഷാകര പദ്ധതിയെക്കുറിച്ചുള്ള വേദസത്യങ്ങളെ കേൾക്കുവാൻ ചെവിയുള്ളവർക്കും കാണുവാൻ കണ്ണുള്ളവർക്കും അറിയിച്ചു കൊടുക്കുവാനുള്ള പ്രത്യേക അവകാശം ഈ പ്രസ്ഥാനത്തിന്നു നൽകിയിരിക്കുന്നു. സീയോൻ മോറിയ, അക്ര, ബസീത്ത, കുന്നായ ഓഫേൽ എന്നിവ യഥാക്രമം ചിത്രീകരിക്കുന്നതായ ചെറിയ ആട്ടിൻകൂട്ടം, പുരാതന വീരന്മാർ, മഹാപുരുഷാരം, യുവവീരന്മാർ, എപ്പിഫനി പാളയ സമർപ്പിതർ എന്നീ അഞ്ച് യഥാസ്ഥാപന പൂർവ്വ ഗണങ്ങളെയും കുറിച്ചുള്ള വേദസത്യങ്ങളെ അറിയിക്കുവാനും ഈ പ്രസ്ഥാനത്തിനു അവകാശമുണ്ട്. തിരഞ്ഞെടുക്കപ്പെടാത്തവരെ വിശുദ്ധിയിൻ പെരുവഴിയിലേക്കു നയിക്കുന്നതിനുള്ള പ്രത്യേകമായ സഹായങ്ങൾ വിളിക്കപ്പെട്ടവരും വിശ്വസ്തരുമായ ഇവർ നൽകും. സങ്കീ. 72:3 ൽ നാം ഇങ്ങനെ വായിക്കുന്നു, "നീതിയാൽ പർവ്വതങ്ങളിലും കുന്നുകളിലും ജനത്തിനു സമാധാനം വിളയട്ടെ". ഈ ഉദ്ദേശ്യത്തിനായി ദൈവം ഈ അഞ്ച് യഥാസ്ഥാപന പൂർവ്വ ഗണങ്ങളെയും ഉയർത്തും. ഇവരെ നാം ദൈവത്തിന്റെ സുവിശേഷയുഗ ആടുകൾ എന്നും സുവിശേഷയുഗ ആത്മീയ തിരഞ്ഞെടുപ്പുകാർ എന്നും വിളിക്കുന്നു.

കഠിനമായ പരിശോധനകളിൽ തങ്ങളുടെ വിശ്വസ്തത തെളിയിക്കുന്നതിനാൽ എപ്പിഫനി പാളയ സമർപ്പിതർ എന്ന അഞ്ചാമത്തെ യഥാസ്ഥാപന പൂർവ്വ

ഗണത്തെ ദൈവം വളരെ ആദരിക്കും. തിരഞ്ഞെടുക്കപ്പെട്ട പ്രധാന നാലു ഗണങ്ങളിൽ ഇവർ ഉൾപ്പെടുന്നില്ലായെങ്കിലും, ഇവർ വീരന്മാരുടെ പ്രത്യേക കൂട്ടാളികളായിരിക്കുവാൻ അവകാശമുള്ളവരും, അവരോടു കൂടെ മനുഷ്യരാശി വിശുദ്ധിയിൻ പെരുവഴിയിലൂടെ കടന്നു വരുമ്പോൾ മനുഷ്യരാശിക്ക് വളരെ പ്രയോജനമുള്ള സഹായികളും ആയിരിക്കും. എത്ര അത്ഭുതവാനായ സ്വർഗ്ഗീയ പിതാവാണ് നമുക്കുള്ളത്! നാമെല്ലാവരോടും അവൻ എത്ര കൃപാലുവാണ്! നമുക്കു ദൈവസ്നേഹത്തിൽ നമ്മെത്തന്നെ സൂക്ഷിക്കാം (യൂദാ. 21)!

ഇന്നത്തെ ക്രൈസ്തവ ലോകത്തെക്കുറിച്ച് ബ്രദർ ഹെഡ്മാൻ ഇങ്ങനെ പറഞ്ഞു: "നമ്മുടേതിനെ മാറ്റി നിർത്തി അവരിൽ എത്രമാത്രം തെറ്റുകൾ (നാം വളരെ അധികം എതിർക്കുവാൻ പ്രവണതയുള്ള) ഉണ്ട്? അല്ലെങ്കിൽ അവരിൽ എത്രമാത്രം സത്യം ഉണ്ട്?" വിശുദ്ധ പൗലൊസ് അപ്പൊ. 17:22,23 ൽ നമുക്കു നല്ല ഉദാഹരണമായി "ആളുകളിലേക്ക് അനുഗ്രഹം ചൊരിയുന്നതിനുള്ള എല്ലാ പ്രാപ്തികളും സവിശേഷതകളും അദ്ദേഹം തന്നിൽതന്നെ ഉൾക്കൊള്ളിച്ചിരുന്നു" (PT' 77, p. 22, col. 2). PT' 53, p. 61 ൽ പരാമർശിച്ചിരിക്കുന്നതായ അപ്പൊ. 23:9 കാണുക.

"എപ്പിഫനി സഹോദരന്മാർ എന്ന നിലയിൽ എഴുപത് വർഷങ്ങൾക്കു മുമ്പേ ഉണ്ടായിരുന്നതിലും കൂടുതൽ നാം വിശാലമനസ്കരും നമ്മുടെ സമീപനങ്ങളിൽ സുവിശേഷം സംബന്ധിച്ചു കൂടുതൽ ഊന്നൽ നൽകേണ്ടതുമുണ്ട്. അതേസമയം നാം ആരാണെന്നും നമ്മെ എല്ലാറ്റിൽ നിന്നും വേർപെടുത്തി നിർത്തുന്ന കാരണങ്ങളായ ബ്രദർ ജോൺസന്റെയും നമ്മുടെ നടുവിലുള്ള എപ്പിഫനി സത്യങ്ങളുടെയും പ്രാധാന്യത്തെ സൂക്ഷ്മതയോടെ ഓർക്കുകയും വേണം.

1950 മുതൽ നാം പുതിയ കാലത്താണ് എന്നു ഓർമ്മിക്കണം. ഈ ചിന്ത മനസ്സിൽ സൂക്ഷിച്ചുകൊണ്ട് ഈ കാലത്ത് സത്യം അവതരിപ്പിക്കേണ്ടതിന്റെ ചില അടിസ്ഥാന ആശയങ്ങളെ ഞങ്ങൾ പരിചയപ്പെടുത്തുന്നു. പറൂസിയയുടെയും എപ്പിഫനിയുടെയും *വലുതും സമഗ്രവുമായ വേല* പൂർത്തിയായി എന്നും ഞങ്ങളുടെ ഇപ്പോഴത്തെ വേല ഇരു വിധത്തിലുള്ളവയാണെന്നും ഞങ്ങൾ തിരിച്ചറിയുന്നു (1) ക്രിസ്തുവിന്റെ സഹസ്രാബ്ദ മാദ്ധ്യസ്ഥ വാഴ്ചയിൽ പ്രത്യേക ശുശ്രൂഷയ്ക്കു വേണ്ടി എപ്പിഫനി പാളയ സമർപ്പിതരുടെ വളർച്ചയ്ക്കാവശ്യമായ ഉപദേശങ്ങളെ കാത്തുസൂക്ഷിക്കുക (2) എല്ലാ ക്രിസ്ത്യാനികളിൽ നിന്നും നിരവധി ക്വാസി ഇലക്റ്റുകൾ (നീതീകരണം പ്രാപിച്ചവരും സമർപ്പിതരും) അടങ്ങിയിരിക്കുന്ന ബാബിലോണിൽ നിന്നു പോലും എപ്പിഫനി ഉദ്ദേശ്യങ്ങൾക്കായി ഒരു കൂട്ടിച്ചേർക്കൽ നടത്തുക (PT 2003, p. 44).

ദൈവരാജ്യത്തിന്റെ അനുഗ്രഹങ്ങളെ അവന്റെ ജനത്തിനു നാം പരാമർശിച്ച വളരെ മൂല്യമുള്ള ഈ ചെമ്മരിയാടുകൾ എങ്ങനെ ഉപയോഗപ്പെടുമെന്നു ചില ഉപമകളുടെ സഹായത്താൽ നമുക്കു മനസ്സിലാക്കാം. ഉപമകൾ എത്ര പ്രാധാന്യമർഹിക്കുന്നവയാണെന്നു തിരിച്ചറിയുവാൻ മത്താ. 13:34,35 ഞങ്ങൾ ഉദ്ധരിക്കുന്നു: "ഇതൊക്കെയും യേശു പുരുഷാരത്തോടു ഉപമകളായി പറഞ്ഞു; ഉപമ കൂടാതെ അവരോട് ഒന്നും പറഞ്ഞില്ല. ഞാൻ ഉപമ പ്രസ്താവിപ്പാൻ വായ് തുറക്കും; ലോകസ്ഥാപനം മുതൽ ഗൂഢമായതു ഉച്ചരിക്കും എന്നു പ്രവാചകൻ പറഞ്ഞത് നിവൃത്തിയാകുവാൻ സംഗതിവന്നു".

### മാവിൽ അടക്കിവച്ച പുളിപ്പ്
### (മത്താ. 13: 33)

തെറ്റായ ഹൃദയ നിലയിലേക്കു നാമധേയ സഭ വന്നെത്തിയതിനെയും അതിൽ അവർ തുടരുന്നതിനെയുമാണ് ഈ ഉപമ ചിത്രീകരിക്കുന്നത്. പുരാതന സഭ സ്ഥാപിക്കുന്നതിനായി നൽകപ്പെട്ട ആത്മാവിന്റെ വരങ്ങൾക്കു ശേഷം (രോഗശാന്തിവരം, വീര്യപ്രവൃത്തികൾ, ഭാഷാവരം) അവശേഷിക്കേണ്ടതായ യഥാർത്ഥ വിശ്വാസത്തെയും സ്നേഹത്തെയുമാണ് മൂന്നു പറ മാവ് സൂചിപ്പിക്കുന്നത് എന്നു ഞങ്ങൾ മനസ്സിലാക്കുന്നു (1 കൊരി. 12:28-31; 13:1,2,8-13).

ഒരു സ്ത്രീ പാചകത്തിനുള്ള മാവിൽ പുളിച്ച മാവ് (യീസ്റ്റ്) ചേർക്കുമ്പോൾ ആ മാവ് മുഴുവനും പുളിക്കുന്നതുപോലെയാണ് നാമധേയ ക്രൈസ്തവ സഭയുടെ അവസ്ഥയും. യഥാർത്ഥ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയിൽ തെറ്റിന്റെ പുളിപ്പു കലർത്തിയാൽ, ആ വീട്ടിലെ ഏവർക്കുമായുള്ള ആത്മീയാഹാരം പുളിച്ചതും മലിനവുമായിത്തീരുന്നു. തെറ്റായ ഉപദേശങ്ങളുടെ പുളിപ്പ്, മുഴു പിണ്ഡത്തിലും പരന്ന് ഓരോ പങ്കും ഏറെക്കുറെ നശിച്ചു പോകുന്നു. തത്ഫലമായി ഇന്ന് യേശുവും തന്റെ അപ്പൊസ്തലന്മാരും അവതരിപ്പിച്ച ഏതാണ്ട് എല്ലാ ഉപദേശവും അന്ധകാരയുഗത്തിലെ തെറ്റുകളാൽ വളച്ചൊടിക്കപ്പെടുകയും ദുഷിക്കപ്പെടുകയും ചെയ്തിരിക്കുന്നതായി നാം കാണുന്നു.

### വയലിൽ ഒളിച്ചുവെച്ച നിധി
### (മത്താ. 13: 44)

ഇവിടെ സ്വർഗ്ഗരാജ്യത്തെ "വയലിൽ ഒളിച്ചുവെച്ച നിധി" യോടു സാദൃശ്യപ്പെടുത്തിയിരിക്കുന്നു. അതിനെ തന്റേതാക്കണമെന്ന് ആഗ്രഹിച്ച്, അതിൽ വിശ്വാസമർപ്പിച്ച ഒരു മനുഷ്യൻ അതിന്റെ വില മനസിലാക്കി തനിക്കുള്ളതൊക്കെയും വിറ്റ് നിധി ഒളിച്ചുവെച്ചിരിക്കുന്ന വയൽ വാങ്ങി. ഈ വയൽ ലോക മനുഷ്യരാശിയെയാണ് കാണിക്കുന്നത്. ലോക മനുഷ്യരാശിയിൽ നമ്മുടെ കർത്താവ് ഒരു നിധി കണ്ടു. ദുർന്നടപ്പിനോടുള്ള ബന്ധത്തിൽ നിന്നും അനേകരെ




ദൈവത്തിന്റെ പുത്രന്മാരായുള്ള പൂർണ്ണ സ്വാതന്ത്ര്യത്തിലേക്കു രക്ഷപ്പെടുത്തുക എന്ന തന്റെ വീണ്ടെടുപ്പിൻ വേലയുടെ അന്ത്യം അവൻ അവരിൽ പ്രതീക്ഷയോടെ ദർശിച്ചു. സുവിശേഷയുഗത്തിൽ ഈ വേലയിൽ അഞ്ച് യഥാസ്ഥാപന പൂർവ്വ ഗണങ്ങൾ ഉൾപ്പെടുന്നതും, സഹസ്രാബ്ദത്തിൽ യഥാസ്ഥാപന വേലയിൽ ലോക മനുഷ്യരാശി ഉൾപ്പെടുന്നതുമാണ് (റോമ. 8:21). ഈ നിധി കണ്ടിട്ട്, ലോകമാകുന്ന ഈ നിധിയെ "വിലയ്ക്കു വാങ്ങുവാൻ" അവൻ തനിക്കുള്ളയെല്ലാറ്റിനെയും, തന്റെ ജീവനെപ്പോലും നൽകുവാൻ തയ്യാറായി എന്നുള്ളതാണ് (യെശ. 53:11).

ആ വയൽ ദൈവത്തിന്റേതാണ്, ദൈവമാണ് ആ വയലിൽ നിധി ഒളിപ്പിച്ചത്. വില നൽകുവാൻ തയ്യാറായി വരുന്ന ആർക്കും ദൈവം അത് വിൽപ്പനയ്ക്കു വെച്ചു. വാങ്ങുന്നത് കർത്താവാണ്. ജഡിക താത്പര്യങ്ങളെ ബലി ചെയ്ത് തന്നോടു കൂടെ ചേർന്ന് തന്റെ രാജ്യത്തിന പങ്കാളികളാകുവാൻ ക്ഷണം സ്വീകരിക്കുന്നവർ വരുവാനുള്ള യുഗത്തിൽ ലോക മനുഷ്യരാശിയെ അനുഗ്രഹിച്ച് ആ നിധി പുറത്തുകൊണ്ടുവരുന്ന വേലയിൽ അവനോടു കൂടെ ഉണ്ടാകും. "വിശുദ്ധമായതു നായ്ക്കൾക്കു കൊടുക്കരുത്; നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുൻപിൽ ഇടുകയുമരുത്; അവ കാൽക്കൊണ്ട് അവയെ ചവിട്ടുകയും തിരിഞ്ഞു നിങ്ങളെ ചീന്തിക്കളയുകയും ചെയ്‌വാൻ ഇടവരരുത്" (മത്താ. 7:6). അവർക്ക് ഈ നിധിയെ മനസ്സിലാക്കുവാൻ സാധിക്കില്ല, നിങ്ങൾക്ക് ഭ്രാന്ത് എന്ന് അവർ ചിന്തിക്കുകയും അവർക്കുണ്ടാകുന്ന നിരാശയാൽ നിങ്ങളെ ഉപദ്രവിക്കുകയും ചെയ്യേക്കാം. ആയതിനാൽ നമ്മുടെ കർത്താവ് സൂചിപ്പിക്കുന്നതുപോലെ ഈ നിധി ഒളിച്ചുവെക്കേണ്ടത് അനിവാര്യമായിരുന്നു.

## വിലയേറിയ ഒരു മുത്ത്
## (മത്താ. 13: 45, 46)

പുരാതന കാലങ്ങളിൽ മുത്തുകൾ ഇപ്പോഴുള്ളതിലും പ്രചാരത്തിലുണ്ടായിരുന്നു. മുത്തു വ്യാപാരികൾ ഈ രത്നങ്ങൾ വ്യാപാരം നടത്തുകയും, ഇവയെ വിപണിയിലെത്തിക്കുകയും അവർ അവിടെ വളരെ ആദരിക്കപ്പെടുകയും ചെയ്തിരുന്നു. ഈ ഉപമയിലെ വ്യാപാരി താൻ ഇതുവരെയും കണ്ടിട്ടില്ലാത്ത ഏറ്റവും നല്ല മുത്ത് കണ്ടെത്തി. തന്റെ മുത്തുകളെയും തനിക്കുള്ള സകലത്തെയും സന്തോഷത്തോടെ വിറ്റ് അതിനെ സ്വന്തമാക്കുവാൻ തക്കവണ്ണം അവൻ അതിനെ വിലയേറിയതായി കണക്കാക്കി.

അതേരീതിയിൽ സുവിശേഷം വാഗ്ദാനം ചെയ്യുന്ന ക്രിസ്തുവിന്റെ രാജ്യത്തിൽ അവനോടുകൂടെയുള്ള പങ്കാളിത്തം ലോകം മുന്നോട്ടുവയ്ക്കുന്ന ഏതൊരു ആശയത്തെക്കാളും ശ്രേഷ്ഠമാണ്. ലോകത്തിന്റെ ബഹുമതിയും, പേരും, പെരുമയും, സ്ഥാനമാനങ്ങളും, തീർച്ചയായും ആഗ്രഹിക്കത്തക്കവയാണ്. കൂടാതെ "അനവധി സമ്പത്തിലും സൽകീർത്തി നല്ലത്" എന്നു തിരുവെഴുത്തും പറയുന്നു (സദൃ. 22:1). എന്നാൽ നമ്മുടെ കർത്താവായ യേശുവിൽ നിന്നുള്ള രാജ്യത്തിന്റെ വാഗ്ദാനത്തെ, ഭൂമിയിലെ സകല ജാതികളെയും അനുഗ്രഹിക്കുക എന്ന അവന്റെ മഹാവേലയിൽ അവനെ സഹായിക്കുവാനുള്ള വാഗ്ദാനത്തെ, ആ "വിലയേറിയ മുത്തിനെ" തന്നെ നമ്മുടെ കണ്ണുകൾ ദർശിക്കുമ്പോൾ, ലോകത്തിന്റെ സകല ആദരവിലും അന്തസ്സിലും ആനന്ദത്തിലും ഏറ്റവും അമൂല്യമായത് ഈ വാഗ്ദാനമാണെന്നു നാം തിരിച്ചറിയുന്നു.

ഈ മുത്ത് വാങ്ങുവാൻ യോഗ്യരായവർ ലോകപരമായ എല്ലാറ്റിനെയും, അവരുടെ സൽപ്പേരിനെപ്പോലും സന്തോഷത്തോടെ കൈമാറ്റം ചെയ്യുന്നു. ഇതു ചെയ്യേണ്ടത് വളരെ അനിവാര്യമാണ്, എന്തെന്നാൽ ഗുരു അവരെ ഇങ്ങനെ മുന്നറിയിച്ചിരിക്കുന്നു: "നിങ്ങളെകൊണ്ട് എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ; സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാക കൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്കു മുമ്പേയുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെതന്നെ ഉപദ്രവിച്ചുവല്ലോ" (മത്താ. 5:11,12). കൊടുക്കേണ്ടിവരുന്ന അത്ര വിലയ്ക്ക് രാജ്യത്തെ സ്വീകരിക്കുവാൻ തയ്യാറാകാത്തവർ, രാജ്യത്തിനു യോഗ്യനല്ല. "നാം അനേകം കഷ്ടങ്ങളിൽ കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു" (അപ്പൊ. 14:22). തങ്ങളുടെ വിളിക്ക് അനുസരിച്ചു നീതിക്കു വേണ്ടി, സത്യത്തിനു വേണ്ടി അത്തരം പീഡകൾ സഹിക്കുവാൻ താൽപര്യപ്പെടുന്നവർ മാത്രം ജയാളികളായിത്തീരുന്നു.

## എല്ലാ വക മീനും പിടിക്കുന്നതായ ഒരു വല
## (മത്താ. 13: 47–50)

രാജ്യത്തിന്റെ മറ്റൊരു ഉപമ സുവിശേഷ സന്ദേശത്തെ ഒരു വലയോടു സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ആകെ ഒരിനം പ്രതീകാത്മക മീനുകളെ (മനുഷ്യരെ, മത്താ. 4:19) മാത്രമാണ് ഉദ്ദേശിച്ചിരുന്നുവെങ്കിലും,

എല്ലാ വക മീനിനെയും അതായത്, യഥാർത്ഥ ക്രിസ്ത്യാനികൾ, പാതി വഞ്ചിക്കപ്പെടുകയും പ്രലോഭിക്കപ്പെടുകയും ചെയ്ത ക്രിസ്ത്യാനികൾ, കപട വേഷധാരികളുടെ വലിയ കൂട്ടങ്ങൾ എന്നിവയും ഈ വലയിൽ പിടിപ്പെടുന്നു. ഇവയിൽ എല്ലാ വകക്കാരും യേശുക്രിസ്തുവിനോടു കൂടെ രാജ്യം അവകാശമാക്കുകയില്ല. ഇവിടെ പറഞ്ഞിരിക്കുന്ന ഇവയെ വേർതിരിക്കുന്ന കാലം, അരിക്കലിന്റെ കാലം സുവിശേഷയുഗത്തിന്റെ അവസാനമാണ്. ആവശ്യമുള്ള മീനുകളെ പാത്രങ്ങളിൽ കൂട്ടി വയ്ക്കുകയും ശേഷിക്കുന്നവ രാജ്യത്തിനു തിരഞ്ഞെടുക്കപ്പെടുവാൻ യോഗ്യരല്ലാത്തതിനാൽ തിരിച്ച് കടലിലേക്കു എറിഞ്ഞു കളയുകയും ചെയ്യുന്നു. എങ്കിലും, ക്രിസ്തുവിന്റെ സഹസ്രാബ്ദ മാദ്ധ്യസ്ഥ വാഴ്ചയിലെ ഭാവി രക്ഷയ്ക്ക് അവർ അയോഗ്യരാകയില്ല.

വിശാലമാക്കപ്പെട്ട സുവിശേഷയുഗ കൊയ്ത്ത് അവസാനിക്കുകയും ഈ ലോക രാജ്യങ്ങൾ ക്രിസ്തുവിന്റെ സഹസ്രാബ്ദ മാദ്ധ്യസ്ഥ വാഴ്ചയ്ക്കു വഴിമാറി കൊടുക്കുകയും ചെയ്യുന്ന മഹോപദ്രവ കാലത്തെയാണ് 49, 50 വാക്യങ്ങളിലെ തീച്ചൂള സൂചിപ്പിക്കുന്നത്. "നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ" (മത്താ. 6:10) എന്നു 20 നൂറ്റാണ്ടുകളോളം സഭ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന, ഭൂമിയിലെ രാജ്യ സ്ഥാപനമാണത്. എത്ര മഹത്തായ ഒരു രാജ്യം ആയിരിക്കും അത്! യേശുവിനും അവന്റെ ചെറിയ ആട്ടിൻ കൂട്ടത്തിനും ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നതും (ലൂക്കൊ. 12:32) ഭൂമിയിലെ സ്വർഗ്ഗീയ ഭരണത്തിനു അധികാരമുള്ളതുമായിരിക്കും അത്!

### ചെമ്മരിയാടുകളുടെയും കോലാടുകളുടെയും ഉപമ (മത്താ. 25: 31–36)

ക്രിസ്തുവിന്റെ രാജ്യം സ്ഥാപിക്കപ്പെട്ടതിനു ശേഷം, മണവാട്ടി ഗണത്തെ, കുഞ്ഞാടിന്റെ കാന്തയെ, അവന്റെ കൂട്ടവകാശികളായി ഉയർത്തിയതിനു ശേഷം, എന്താണ് നടക്കുന്നതെന്നു യേശു ഈ ഉപമയിലൂടെ പറയുന്നു. "മനുഷ്യ പുത്രൻ തന്റെ തേജസ്സോടെ സകല *വിശുദ്ധ ദൂതന്മാരുമായി* വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും" (നമുക്കായി ഊന്നിപ്പറഞ്ഞിരിക്കുന്നു) എന്നു പറഞ്ഞുകൊണ്ട് ഇത് വ്യക്തമാക്കുന്നു. തുടർന്ന് അവൻ സഹസ്രാബ്ദ യുഗവേലയുടെ വിശദീകരണം നൽകുന്നു. "സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും". ഇത് ലോകജനാവലിയെ പരാമർശിക്കുന്നതാണ്. സഭയൊഴിച്ച് സകലരും നീതിയുടെയും കൃപയുടെയും സ്നേഹത്തിന്റെയും മഹത്തായ വെള്ള സിംഹാസനത്തിൻ മുമ്പിൽ ഉണ്ടാകും (വെളി. 20:11-15 വരെ താരതമ്യം ചെയ്യുക). "ദൈവം... നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു; അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേൽപ്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പു നൽകിയുമിരിക്കുന്നു" (അപ്പൊ. 17:31).

ആറായിരം വർഷങ്ങൾക്കു മുൻപ് ആദാമും അവന്റെ മുഴുവർഗ്ഗവും ഏദനിൽ വെച്ചു മരണത്തിനു വിധിക്കപ്പെട്ടു, ആ ശിക്ഷാവിധി മരണമായിരുന്നു (ഉല്പ. 2:17). മനുഷ്യരാശിയിൽ മുഴുവനും പാപികൾ ആയതിനാൽ അവരിൽ ഒരുവൻ പോലും പ്രകൃത്യാ നിത്യജീവനു യോഗ്യരാകുന്നില്ല. ആദാമിന്റെ പാപത്തിനായി മരിക്കുവാൻ തക്കസമയമായപ്പോൾ ദൈവം തന്റെ പുത്രനെ അയച്ചു. എന്തെന്നാൽ "മനുഷ്യൻ (ആദാം) മൂലം മരണമുണ്ടാകയാൽ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻ (യേശു) മൂലം ഉണ്ടായി. ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും..." (1 കൊരി. 15:21-23).

ക്രിസ്തുവിലൂടെ ആദ്യം ജീവിപ്പിക്കപ്പെടേണ്ടത്, ലോകത്തിൽ നിന്നും ആദ്യം വിളിച്ചു വേർതിരിക്കപ്പെട്ട, പരിശുദ്ധാത്മാവിനാൽ "വീണ്ടും ഉല്പാദിപ്പിക്കപ്പെട്ട" സഭ ആണ്. സുവിശേഷ യുഗത്തിൽ തങ്ങളുടെ ന്യായവിധിയിലൂടെയും പരിശോധനയിലൂടെയും ഇവർ കടന്നുപോകേണ്ടിയിരുന്നു. ദൈവത്തിനു പ്രസാദകരവും സ്വീകാര്യവുമായ അവരുടെ സ്വഭാവങ്ങൾകൊണ്ടു യോഗ്യരായ ഇവർ രാജ്യത്തിൽ അവനോടുകൂടെ കൂട്ടവകാശികൾ ("വിശുദ്ധ ദൂതന്മാർ") ആയിരിക്കയും, ക്രിസ്തുവിന്റെ സഹസ്രാബ്ദ മാദ്ധ്യസ്ഥ വാഴ്ചയാകുന്ന പരിശോധനാ കാലഘട്ടം ഉടനീളം ലോകത്തെ ന്യായം വിധിക്കുവാൻ അവനോടുകൂടെ ആ രാജ്യത്തിൽ ഉണ്ടായിരിക്കുകയും ചെയ്യും (2 കൊരി. 6:2,3). നമ്മുടെ വാക്യത്തിൽ ആലങ്കാരികമായി പറഞ്ഞിരിക്കുന്ന ലോകത്തിലെ സകല ജാതികളും വന്നു കൂടുന്നതായ ആ സിംഹാസനത്തിൽ, വിശ്വസ്തരായിരിക്കുന്നവർ അവനോടു കൂടെ ഇരിക്കും എന്ന് അവൻ വാഗ്ദത്തം ചെയ്യുന്നു (വെളി. 3:21).




ഉപമയിലുള്ളവർ ക്രിസ്തുവിന്റെ നിബന്ധനകളെ സ്വീകരിക്കുകയും നിത്യജീവനു വേണ്ടിയുള്ള പരിശോധനയിലും ന്യായവിധിയിലും ആകുവാൻ ഇച്ഛിക്കുകയും ചെയ്യും. താത്പര്യമുള്ളവരെയും അനുസരണമുള്ളവരെയും പ്രോത്സാഹിപ്പിക്കുകയും, സഹായിക്കുകയും, അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോ

ടെ മശിഹായുടെ രാജ്യം അധികാരം നടത്തുകയും ദൈവത്തിന്റെയും നീതിയുടെയും പരിജ്ഞാനത്തെ പ്രചരിപ്പിക്കുകയും ചെയ്യും (1 തിമൊ. 2:4). അങ്ങനെ ഏവരും പാപത്തിൽ നിന്നും, മരണാവസ്ഥയിൽ നിന്നും, മനസ്സിന്റെയും ശരീരത്തിന്റെയും അപൂർണ്ണതയിൽ നിന്നും, അസാന്മാർഗ്ഗികതയിൽ നിന്നും കൂടുതൽ പുറത്തേക്കു വരുവാൻ ആശീർവദിക്കപ്പെടും. തൽഫലമായി ആദാമിന് ആദിയിൽ ഉണ്ടായിരുന്ന മാനുഷതലത്തിലെ പൂർണ്ണമായ ദൈവസ്വരൂപത്തിലേക്ക് അവർ ഉയർത്തപ്പെടും.

സഹസ്രാബ്ദ യുഗത്തിലെ മുഴു വേലയും ഇതിന് ഉതകുന്നതായിരിക്കും. ഇന്നു പാപം വാഴ്ച നടത്തുന്നതുപോലെ അന്നു നീതി വാഴ്ച നടത്തും (2 പത്രൊ. 3:13). അങ്ങനെ ലോകം ഒട്ടാകെ പൊതുവായി ഒരു മികച്ച ഇടമായിത്തീരുകയും, ആ മഹാരാജ്യത്തിൽ (പർവ്വതത്തിൽ) ഒരു "ദോഷമോ നാശമോ ആരും ചെയ്കയുമില്ല" (യെശ. 11:9). അവിടെ നിന്നു ശാപം ക്രമേണ മാറിപ്പോകും. ദുഃഖവും മുറവിളിയും കഷ്ടതയും മരണവും അവിടെ ഉണ്ടാകയില്ല (വെളി. 21:1-5). ദൈവാനുഗ്രഹങ്ങൾ പൂർണ്ണത വരുത്തിക്കൊണ്ട് അവിടെ നടമാടും. ആ ആയിരമാണ്ടിൽ ജീവിച്ചിരിക്കുന്ന ഏവരും അധികമായി അനുഗ്രഹിക്കപ്പെടും.

## കർത്താവിനു ഹൃദയത്തെ വായിക്കുവാൻ കഴിയും

### ദൈവശിക്ഷയുടെ നിയമം

ലോകത്തിന്റെ പാപങ്ങളെക്കുറിച്ച് ഇനി നാം പറയുന്നു. ഈ പാപങ്ങൾക്കു ശിക്ഷ ഉണ്ടാകുമോ? ഏക സത്യസഭയുടെ പാപങ്ങളെ ക്രിസ്തുവിനാൽ ക്ഷമിക്കുന്നത് ദൈവത്തിനു നീതിയായിരുന്നതുപോലെ ലോകത്തിന്റെ പാപങ്ങളെയും ക്രിസ്തുവിനാൽ ക്ഷമിക്കുന്നത് ദൈവത്തിനു നീതിയായിരിക്കും എന്നു ഞങ്ങൾ ഉത്തരം നൽകും (1 യോഹ. 2:2). ദൈവം വ്യക്തികളോടു ആദരവു കാട്ടുന്നവനല്ലായെങ്കിലും, ലോകം ക്രിസ്തുവിനെ തന്റെ വീണ്ടെടുപ്പുകാരനായി സ്വീകരിച്ച് അവരുടെ പാപങ്ങൾക്കു വേണ്ടി അനുതപിച്ചാൽ സഭയുടെ പാപങ്ങളെ എന്നപോലെ ലോകത്തിന്റെയും പാപങ്ങളെ ക്ഷമിക്കുവാൻ ദൈവത്തിനു മനസ്സാകുന്നു.

ഈ കാര്യത്തിൽ ദൈവം നീതിയെ വിസ്മരിച്ചു എന്നർത്ഥം വരുന്നില്ല. ചില അടികളോ അഥവാ ശിക്ഷകളോ ലോകത്തിനുണ്ടാകുമെന്നു ഞങ്ങൾ അനുമാനിക്കുന്നു. സാത്താൻ ബന്ധിക്കപ്പെടുകയും ആരെയും വഞ്ചിക്കാതിരിക്കുവാൻ അനുവദിക്കപ്പെടാതിരിക്കുകയും ചെയ്യുന്ന അനുഗ്രഹിക്കപ്പെട്ട ആയിരം വർഷ സമയത്ത് ഇത്തരം ബലഹീനതകളിൽ നിന്നും തളർച്ചയിൽ നിന്നും അവർ ക്രമേണ പൂർണ്ണതയിലേക്ക് ഉയർത്തപ്പെടും (വെളി. 20:1-3).

ബാഹ്യമായി സമാന രൂപവും പെരുമാറ്റവും ഉള്ള "ചെമ്മരിയാടുകളെയും" "കോലാടുകളെയും" തിരിച്ചറിയുവാൻ ന്യായാധിപതിയും രാജാവും ആയിരിക്കുന്നവനു മാത്രമേ കഴിയൂ. രാജ്യത്തിന്റെ അനുഗ്രഹങ്ങളെ സ്വീകരിച്ച് ആയിരമാണ്ടിൽ പരിശോധനയിലായിരിക്കുന്ന ഈ രണ്ടു ഗണങ്ങളുടെയും ഹൃദയത്തെ അവൻ വായ്ച്ച്, അവരുടെ ഹൃദയനിലയിലെ വ്യക്തമായ വ്യത്യാസത്തെ എല്ലാവർക്കും വെളിപ്പെടുത്തുകയും ചെയ്യും.

## നാം പാപികളായി ജനിച്ചിരിക്കുന്നു

### ന്യായവിധിയുടെ അടിസ്ഥാനം

"ഇതാ ഞാൻ അകൃത്യത്തിൽ ഉരുവായി; പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു" (സങ്കീ. 51:5). മാനവരാശി മുഴുവനും പാപികളായി ജനിച്ചു, അവർ ഇന്നറിയപ്പെടുന്ന സ്വഭാവം വളർത്തിയെടുക്കുകയും ചെയ്തു. ഈ വളർത്തിയെടുത്ത സ്വഭാവം മഹാനായ ന്യായാധിപതി പൂർണ്ണമായും വിലയിരുത്തുകയും, ഓരോ വ്യക്തികളെയും "ചെമ്മരിയാടോ" "കോലാടോ" ആയി തരംതിരിക്കുകയും ചെയ്യും. ചെമ്മരിയാടു ഗണം യഹോവയുടെ വലത്തു ഭാഗത്തേക്ക് സ്വീകരിക്കപ്പെടും. ദൈവരാജ്യത്തിന്റെ അനുഗ്രഹങ്ങളെ സ്വീകരിക്കുകയും അതിന്റെ നിയമങ്ങളോടു ബാഹ്യമായി മാത്രം അനുകൂലിക്കുകയും ചെയ്യുന്നുവെങ്കിലും ദൈവത്തിന്റെ ഇടത്തു ഭാഗത്തേക്ക് വേർതിരിക്കപ്പെട്ട കോലാട്ടുഗണം അവന്റെ കൃപയിൽ നിന്നു വീണുപോകും. സഹസ്രാബ്ദത്തിന്റെ അന്ത്യത്തിൽ ന്യായാധിപതിയുടെ തീരുമാനം പ്രകടമാകും. അവന്റെ തീരുമാനത്തിങ്കൽ ഇരുഗണങ്ങളും ആശ്ചര്യപ്പെടും. അവന്റെ വലത്തു ഭാഗത്തുള്ള ചെമ്മരിയാടുകളോടു, "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കികൊൾവിൻ" എന്നു പറയും. ദൈവം ഭൂമിക്ക് അടിസ്ഥാനമിടുകയും, അതിൽ മനുഷവാസത്തിന് ആസൂത്രണം ചെയ്യുകയും ചെയ്തപ്പോൾ, ഭൂമിയിലെ ദൈവരാജ്യം നിങ്ങൾക്കു തരുവാനായിരുന്നു ദൈവത്തിന്റെ പദ്ധതി. ആ രാജ്യത്തിൽ പ്രവേശിച്ച് അതിനെ കൈവശമാക്കേണ്ട നിങ്ങളുടെ സമയം വന്നിരിക്കുന്നു. ഇവിടെ പരാമർശിക്കുന്ന രാജ്യം മാദ്ധ്യസ്ഥരാജ്യം അല്ല. ദൈവം ആദാമിനു നൽകിയതും, ആദാം തന്റെ അനുസരണക്കേടിനാൽ നഷ്ടപ്പെടുത്തിയതും, സ്വയം ബലിയർപ്പിച്ചുകൊണ്ട് ക്രിസ്തു വീണ്ടെടുത്തതുമായ രാജ്യത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ദൈവസാദൃശ്യത്തിലുള്ള സ്വഭാവം വികസിപ്പിച്ചെടു

ത്ത് സഹസ്രാബ്ദത്തിൽ കർത്താവിന്റെ ചെമ്മരിയാടുകളായി തീർന്നവർക്കു മാത്രമേ ഈ രാജ്യം അവൻ നൽകുകയുള്ളു.

## നീതി നടപ്പിലാകും

ഉപമയിലെ "കോലാടുകൾക്ക്" ഇനി പറയും പ്രകാരം ശിക്ഷ വിധിക്കപ്പെടും: "ശപിക്കപ്പെട്ടവരെ, എന്നെ വിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു [നാശത്തിലേക്കു] പോകുവിൻ" (മത്താ. 25:41). നീതിയോടും സത്യത്തോടും ദൈവത്തിന്റെ ആത്മാവിനോടും ബന്ധപ്പെടുത്തി ആയിരം വർഷത്തോളം അവകാശങ്ങളും, അനുഗ്രഹങ്ങളും അനുഭവങ്ങളും നൽകിത്തന്നിട്ടും നിങ്ങൾ ബാഹ്യമായ അനുസരണം പ്രകടമാക്കി, ഹൃദയത്തിലോ ദൈവത്തോടു പൊരുത്തപ്പെട്ടതുമില്ല. എനിക്കു നിങ്ങളെ എന്റെ ചെമ്മരിയാടുകളായി കണക്കാക്കുവാൻ കഴിയുകയില്ല. കുറ്റമില്ലാത്തവരും കുറ്റപ്പെടുത്താനാകാത്തവരുമായി പിതാവിന്റെ മുൻപിൽ നിങ്ങളെ എനിക്കു അവതരിപ്പിക്കുവാൻ ആകില്ല. നിങ്ങൾ നശിപ്പിക്കപ്പെടേണം. രണ്ടാം മരണമെന്ന നിത്യനാശമാണ് നിങ്ങൾക്കുള്ള ശിക്ഷ. നിങ്ങൾക്കുള്ള പിഴ നിത്യമായിരിക്കും. എന്തെന്നാൽ രണ്ടാം മരണത്തിൽ നിന്നും നിങ്ങളുടെ വീണ്ടെടുപ്പിനു അഥവാ ഉയിർത്തെഴുന്നേൽപ്പിനു യാതൊരു വ്യവസ്ഥയും ഉണ്ടായിരിക്കയില്ല.

## എല്ലാവരും വിധിക്കപ്പെടും

നിങ്ങൾ ജനിക്കാത്തവരെപ്പോലെ ആവുകയും ചെയ്യും (ഓബ. 16). ദൈവത്തിന്റെ നന്മയെ വിലമതിക്കുന്നതിലും അവന്റെ സ്വഭാവസാദൃശ്യത്തെ പകർത്തുന്നതിലും നിങ്ങൾ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നു. ദൈവസാദൃശ്യവും ദൈവാത്മാവും ഉള്ളവർക്കു മാത്രമേ നിത്യജീവൻ നൽകുകയുള്ളു.

ന്യായവിധിയുടെ അടിസ്ഥാനത്തിൽ ന്യായാധിപതി പറയുന്നതിൽ "ചെമ്മരിയാടു ഗണവും" "കോലാടു ഗണവും" ആശ്ചര്യപ്പെടുന്നു. ചെമ്മരിയാടുകളോടുള്ള നമ്മുടെ കർത്താവിന്റെ വാക്കുകൾ ഇതായിരിക്കും: "എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ കാൺമാൻ വന്നു; തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു". കോലാടുഗണത്തോടു അവൻ പറഞ്ഞു, "എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നില്ല; ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നില്ല; അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടില്ല; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല; രോഗിയും തടവിലുമായിരുന്നു നിങ്ങൾ എന്നെ കാൺമാൻ വന്നില്ല" (മത്താ. 25:40-46).

അത്തരം അനുഭവങ്ങളെക്കുറിച്ചു തങ്ങൾക്കു യാതൊരു അറിവുമില്ല എന്ന് "ചെമ്മരിയാടുഗണവും" "കോലാടുഗണവും" അവകാശപ്പെടും. ഞങ്ങൾ നിന്നെ എപ്പോൾ സേവിച്ചു? ഞങ്ങൾ എപ്പോൾ നിന്നെ സേവിക്കാതിരുന്നു? ഇതിനുള്ള ഉത്തരം പ്രസക്തമാണ്: ഈ ഏറ്റവും ചെറിയവരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളമോ അഥവാ ചെയ്യാത്തിടത്തോളമോ എനിക്കാകുന്നു ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്തത് എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.

സഹസ്രാബ്ദ രാജ്യത്തിന്റെ സ്ഥാപനയോടെ, അതിനോടു പൊരുത്തപ്പെട്ടവർ മറ്റുള്ളവരെ സഹായിക്കുവാനുള്ള മഹത്തായ അവകാശം നേടും. ആത്മീയ ആഹാരത്തിന്റെയും സത്യത്തിന്റെ അഭിഷേക നേത്രലേപത്തിന്റെയും കുറവുമൂലം ലോകം ഇപ്പോൾ അന്ധരും വിശപ്പുള്ളവരുമാകുന്നു (വെളി. 3:18). കർത്താവിന്റെ നിബന്ധനകളെ സ്വീകരിക്കുന്നവരുടെ മേൽ സഹസ്രാബ്ദാനുഗ്രഹങ്ങൾ വർഷിക്കുമ്പോൾ, മറ്റുള്ളവർക്കു സഹായം ആവശ്യമായി വരും. ദൈവത്തിന്റെ ആത്മീയ സ്നേഹത്തിന്റെ ആത്മാവുള്ളവർ അനുരജ്ഞിപ്പിന്റെ സ്വർഗ്ഗീയ സന്ദേശത്തെ സന്തോഷത്തെ മുഴു മാനവ രാശിയിലേക്കുമെത്തിക്കുകയും, അന്ധർക്കു ലേപം പുരട്ടുകയും, ബധിതരുടെ ചെവി തുറപ്പിക്കുകയും, പാപത്താൽ ബാധിതരായവരെ ദൈവത്തോടുള്ള കൂട്ടായ്മയിലേക്കും, - മശിഹായുടെ രാജ്യത്തിലെ അനുഗ്രഹങ്ങളിലേക്കു അവരെ എത്തിക്കുവാൻ - അവരുടെ നഗ്നതയെ ക്രിസ്തുവിന്റെ നീതികൊണ്ട് മറയ്ക്കുന്നതിനും സഹായിക്കുന്നു. ഈ വേലയിൽ ആനന്ദിക്കുന്നവരേവരും തങ്ങൾക്കു ദൈവാത്മാവുണ്ടെന്നും അവർ അവന്റെ കൂട്ടുവേലക്കാരാണെന്നും വെളിപ്പെടുത്തുന്നു. ഇവരായിരിക്കും "ചെമ്മരിയാടുകൾ". സഹസ്രാബ്ദാനുഗ്രഹങ്ങ

ളെ സ്വാർത്ഥതയോടെ സ്വയം അനുഭവിച്ച് തങ്ങളുടെ സമർപ്പണ നേർച്ചയോടു അശ്രദ്ധരായിരിക്കുന്നവരാണ് *കോലാടുഗണത്തിലുണ്ടാവുക*. അങ്ങനെ അവർ രാജാധിരാജാവായ അവരുടെ ന്യായാധിപതിയുടെ കൃപയിൽ നിന്നും വീണുപോകും.

അവരുടെ തന്നിഷ്ടമായ അനുസരണക്കേട് ദൈവത്തിന്റെ തീക്ഷ്ണതാഗ്നിയെ അവരുടെ മേൽ വരുത്തും. ദൈവനീതിക്കെതിരായ എന്തിനെതിരെയും കത്തുകയും എല്ലാറ്റിനെയും നശിപ്പിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ തീക്ഷ്ണതാഗ്നി അഥവാ കോപാഗ്നിയാണ് ഈ നിത്യാഗ്നി (സെഫ. 3:8). സമ്പൂർണ്ണ നാശത്തെ സൂചിപ്പിക്കുന്ന ഒരു ആലങ്കാരിക പദപ്രയോഗമാണ് ഇത്. അതെ, ഒരു "നിത്യമായ ശിക്ഷ" (മത്താ. 25:46), നിത്യമായ "ഛേദനം". 46-ാം വാക്യത്തിൽ ഇംഗ്ലീഷിൽ ശിക്ഷ (മലയാളത്തിൽ ദണ്ഡനം എന്നും തർജ്ജമ ചെയ്തിരിക്കുന്നു) എന്നു തർജ്ജമ ചെയ്തിരിക്കുന്ന *കൊലാസിൻ* എന്ന ഗ്രീക്കു വാക്കു ചിലർ ചിന്തിക്കുന്നതു പോലെ ദണ്ഡനം എന്നർത്ഥമുള്ളതല്ല. ലിഡലിന്റെയും സ്കോട്ടിന്റെയും ഗ്രീക്കു നിഘണ്ഡു അനുസരിച്ച് ഇതിന്റെ ഒന്നാമത്തെ അർത്ഥം "*വൃക്ഷങ്ങളുടെ കൊമ്പുകൾ ചെത്തി വെടിപ്പാക്കുകയോ അതിന്റെ വളർച്ച പരിശോധിക്കുകയോ ചെയ്യുക*" എന്നാണ്.

ബെഞ്ചമിൻ വിൽസന്റെ എംഫാറ്റിക് ഡയഗ്ലോട്ടിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: "അതായത് വാക്യം 41 ലെ അഗ്നി സൂചിപ്പിക്കുന്നത് ഇനി പറയും പ്രകാരമാണ്. സാധാരണ ഭാഷാന്തരവും ധാരാളം മറ്റു ഭാഷാന്തരങ്ങളും എന്നേക്കുമുള്ള ശിക്ഷ എന്നർത്ഥം വരുന്ന *കൊലാസിൻ അയോണിയോൺ* എന്നതിനെ *ബാസിനോസ്* അഥവാ ദണ്ഡനം എന്നു പൊതുവായി വ്യാഖ്യാനിക്കുന്ന രീതിയിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നു. പുതിയ നിയമത്തിൽ മറ്റു മൂന്നു സ്ഥലങ്ങളിൽ കൂടെ മാത്രമാണ് *കൊലാസിൻ* എന്ന വാക്ക് അതിന്റെ വിവിധ രൂപങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത് – അപ്പൊ. 4:21; 2 പത്രൊ. 2:9; 1 യോഹ. 4:18. താഴെ വരും പ്രകാരം അർത്ഥമുള്ള *കൊലാസൂ* എന്ന വാക്കിൽ നിന്നാണ് കൊലാസിൻ എന്ന പദം രൂപപ്പെട്ടിരിക്കുന്നത്: (1) *ഛേദിച്ചു കളയുക*, ചെത്തി വെടിപ്പാക്കുന്നതിനു വേണ്ടി ഒരു വൃക്ഷത്തിന്റെ ശിഖരങ്ങൾ മുറിച്ചു മാറ്റുക; (2) *തടഞ്ഞു നിർത്തുക*, ഒതുക്കി നിർത്തുക. ഒരു ഗ്രീക്ക് എഴുത്ത് – "സാരഥി പോരാട്ട വീര്യമുള്ള തന്റെ പടക്കുതിരകളെ തടഞ്ഞു നിർത്തുന്നു' (കൊലായീസ്); (3) *കഠിന ശിക്ഷ കൊടുക്കുക, ശിക്ഷിക്കുക*. ഒരു വ്യക്തിയെ ജീവനിൽ നിന്ന് അല്ലെങ്കിൽ സമൂഹത്തിൽ നിന്നും ഛേദിക്കുക അല്ലെങ്കിൽ തക്ക*ശിക്ഷ* എന്നു തോന്നുന്ന ശിക്ഷ കൊടുത്ത് തടഞ്ഞു നിർത്തുക. ഇങ്ങനെയാണ് ഈ വാക്കിനു ഈ *മൂന്നാമത്തെ* ആലങ്കാരികമായ ഉപയോഗം ഉണ്ടായത്. ഇവിടെ ഒന്നാമത്തെ അർത്ഥമാണ് എടുത്തിരിക്കുന്നത്, കാരണം ഇതിലെ രണ്ടാമത്തെ വാചകത്തിലെ അർത്ഥവുമായി നന്നായി യോജിച്ച് ആലങ്കാരിക പ്രയോഗത്തിന്റെ ശക്തിയും ഭംഗിയും വർദ്ധിപ്പിക്കുന്നു. നീതിമാന്മാർ *ജീവനിലേക്കും* ദുഷ്ടന്മാർ *ജീവഛേദനത്തിലേക്ക്* അല്ലെങ്കിൽ *മരണത്തിലേക്കു* പോകുന്നു (2 തെസ്സ. 1:9,10).

## യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ വിലമതിപ്പ്

തങ്ങളുടെ സ്വാതന്ത്ര്യത്തെയും, അജ്ഞതയിൽ നിന്നും അന്ധവിശ്വാസത്തിൽ നിന്നുമുള്ള സ്വാതന്ത്ര്യത്തെയും മാത്രം വിലമതിക്കാതെ, കർത്താവിന്റെ സന്ദേശത്തെ പൂർണ്ണമായും സ്വീകരിക്കുകയും, അവരുടെ പ്രിയ വീണ്ടെടുപ്പുകാരനെ അനുഗമിക്കുവാൻ തങ്ങളുടെ സകലത്തെയും സമർപ്പിച്ചുകൊണ്ട് ക്രൂശെടുക്കുകയും, നിലവിലെ ആനന്ദങ്ങൾക്കും സുഖങ്ങൾക്കും ബഹുമതികൾക്കും മാത്രമായി ജീവിക്കാതെ പ്രധാനമായും പിതാവിന്റെ ഇഷ്ടം നിറവേറ്റുവാൻ ജീവിക്കുകയും ചെയ്യുന്നവരാണ് യഥാർത്ഥ ക്രിസ്ത്യാനികൾ - ഇതേക്കുറിച്ച് എന്തു പറയുന്നു? ഹാ! ആർക്കും മനസ്സിലാക്കാനാകാത്ത വിധം ഇവരുടേത് ഒരു പ്രത്യേക അവസ്ഥയാണ്. ഗുരു അവരോടു പറഞ്ഞതുപോലെ "ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു". ലോകം അവരെ മനസ്സിലാക്കുന്നില്ല, ജീവിതത്തിന്റെ യാതൊരു സന്തോഷവും ആനന്ദവും ഉല്ലാസവും ഇല്ലാത്ത വിഡ്ഢികളെപ്പോലെ അവരെ കണക്കാക്കുകയും ചെയ്യുന്നു. എന്നാൽ ഇതിനു വിപരീതമായി അവരുടെ ഈ സുഹൃത്തുക്കൾക്കു ഇതിലും കൂടുതൽ ആനന്ദവും സന്തോഷവും ഉത്സാഹവും അവർക്കുണ്ടെന്നു അവർ തിരിച്ചറിയുന്നു. എന്തുകൊണ്ടെന്നാൽ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം അവരുടെ ഹൃദയങ്ങളിൽ വാഴുന്നു. ഭാവിയിലെ ദൈവരാജ്യത്തിന്റെ അനുഗ്രഹത്തിന്റെയും അവകാശത്തിന്റെയും പ്രത്യാശയിൽ മാത്രമല്ല അവർ

ആനന്ദിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നത്. ഇപ്പോഴത്തെ പരിശോധനകളിലും ബുദ്ധിമുട്ടുകളിലും എതിർപ്പിലും അവർ സന്തോഷവാന്മാരാണ് (റോമ. 5:3-5).


ഹാ! ഇപ്പോഴുള്ളതും വരുവാനുള്ളതുമായ കാലത്തെ ബഹുമാനത്തിനും അനുഗ്രഹത്തിനും ഉപയോഗത്തിനുമായി അവരെ ഒരുക്കേണ്ടതിനുള്ള യഥാർത്ഥ സമാധാനത്തിന്റെയും യഥാർത്ഥ സന്തോഷത്തിന്റെയും രഹസ്യം ദൈവീക സ്നേഹവും, ദൈവീക വാഗ്ദാനങ്ങളും, ദൈവത്തെ സ്നേഹിക്കുന്നവർക്കു നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നുള്ളതുമാകുന്നു. അവർ ഒരു കാലത്തു ചെയ്തിരുന്നതുപോലെ ലോകത്തിന്റെ ചിരികളെയോ നീരസത്തെയോ ശ്രദ്ധിക്കാതിരിക്കുവാൻ ശീലിച്ചിരിക്കുന്നു. അവർ തങ്ങളുടെ സ്വർഗ്ഗീയ പിതാവിന്റെ പുഞ്ചിരിക്കായി അകലേക്കു നോക്കുന്നു. തങ്ങളുടെ ഭൗമീക അവസ്ഥകൾ എന്തുതന്നെ ആയിരുന്നാലും അവരുടെ ഗുരുവിനെയും അവന്റെ ഉദ്ദേശ്യത്തെയും സേവിക്കുന്നതിനുള്ള അവകാശത്തിൽ സന്തോഷിക്കുകയും അത് അവരുടെ വിശ്വാസ കണ്ണുകളാൽ തിരിച്ചറിയുകയും ചെയ്യുന്നു.




## ലോകത്തിനുള്ള പുനരുത്ഥാന അനുഗ്രഹങ്ങൾ

അവിശ്വാസികളുടെ ലോകത്തിലേക്ക് വേലക്കായി പോകേണ്ടതിനു ദൈവം നിയോഗിച്ചിരിക്കുന്ന കാലം വരും. മരണത്തിന്റെ മഹാതടവറയിൽ കിടക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കുവാനും തയ്യാറെടുക്കുവാനും പ്രത്യേകമായ താൽപര്യം "ചെമ്മരിയാടുകൾ" കാണിക്കും എന്നു പറയുന്നതിനു മതിയായ കാരണം നമുക്കുണ്ട്. കർത്താവിന്റെ അനുഗ്രഹങ്ങൾ ഏവർക്കും സമൃദ്ധി നൽകുന്നുവെങ്കിലും ഈ വ്യവസ്ഥ അവരുടെ കൂട്ടാളികളുടെ കാരണത്താലായിരിക്കും ഉണ്ടാകുക. തങ്ങളുടെ സമയവും ഊർജ്ജവും അർപ്പിച്ചുകൊണ്ട് ഈ "ചെമ്മരിയാടുകൾ" അവരുടെ സ്രഷ്ടാവിനോടു ചേർന്ന് ഒറ്റ ഉദ്ദേശ്യവും ഇച്ഛയും പ്രകടിപ്പിക്കുന്നു. കല്ലറകളിലുള്ളവർ യേശുവിന്റെ ആജ്ഞയിങ്കൽ എഴുന്നേൽക്കണം എന്നതാണ് ദൈവത്തിന്റെ ഇച്ഛ (യോഹ. 5:28,29). അങ്ങനെ ദൈവത്തോടും ക്രിസ്തുവിനോടും സംസർഗ്ഗമുള്ളവർ ക്രിസ്തു എന്തിനുവേണ്ടി മരിച്ചുവോ ആ വേലയെ നിർവ്വഹിക്കുന്നതിനായി ദൈവത്തിന്റെ സഹവേലക്കാരായിത്തീരുന്നു. ആ വേലയിൽ താത്പര്യമില്ലാത്തവർക്ക് ദൈവാത്മാവ് ഉണ്ടാകയില്ല. ഇതാണ് കോലാടുഗണത്തിന്റെ മേൽ ചുമത്തിയിരിക്കുന്ന കുറ്റം. സിംഹാസനത്തിൽ ഇരിക്കുന്നവൻ മനുഷ്യവർഗ്ഗത്തെ വീണ്ടെടുത്ത്, വീണ്ടെടുക്കപ്പെട്ട ഏവർക്കും പുനരുത്ഥാനത്തിനുള്ളത് നൽകിയ ശേഷം ഉപമയിൽ സൂചിപ്പിക്കുന്നതുപോലെ അവൻ അവരെ തന്നെത്തന്നെ പ്രതിനിധീകരിക്കുന്നവരായി എണ്ണും.

ഹൃദയഹാരിയായ ചിന്താശകലം: ദൈവവചനത്തിലെ ആഴമേറിയ കാര്യങ്ങളെ കാണുന്നതിനും മനസ്സിലാക്കുന്നതിനും ഒരുവൻ നിഴലായ വിശുദ്ധഗണത്തിൽ ആകണമെന്ന ചിന്ത തെറ്റാണ്. കാഴ്ചയപ്പം എന്നാൽ ബൈബിളിലെ സകല സത്യത്തെയോ, സകല ആത്മീയ സത്യത്തെയോ സൂചിപ്പിക്കുന്നതല്ല. *പുരോഹിതന്മാർക്കു മാത്രം ഭക്ഷിക്കാവുന്ന* ഈ കാഴ്ചയപ്പം നിഴലിലെ *പുരോഹിതന്മാർക്കു മാത്രം* സ്വായത്തമാക്കുവാൻ കഴിയുന്നതായിരുന്നു. സാറായിൻ വാഗ്ദത്ത ഉടമ്പടിയിൽ ഉൾക്കൊണ്ടിരിക്കുന്നതും ഇതു തന്നെ. ആയതിനാൽ ക്രിസ്തുഗണത്തിന് മാത്രമായി ദൈവം നൽകിയ സാറായിൻ വാഗ്ദത്ത ഉടമ്പടികൾ ആണ് നിഴലിലെ കാഴ്ചയപ്പം. ഈ കാഴ്ചയപ്പം ഭക്ഷിക്കുക എന്നാൽ ആഴമേറിയ കാര്യങ്ങൾ *മനസ്സിലാക്കുക* എന്നല്ല; സാറായിൻ ഉടമ്പടിയിൻ വാഗ്ദത്തങ്ങളെ *അനുഗുണമാക്കുക, അതായത് സ്വന്തമാക്കുക* എന്നാണ്. എന്നാൽ ഈ വാഗ്ദത്തം ഇനി ആർക്കും ലഭ്യമല്ലാത്തതിനാൽ അതു നേടിയെടുക്കുക അസംഭവ്യമാണ് (PT 1953 p. 61).




## പാപമോചന ചീട്ട് വിൽക്കുന്ന ടെറ്റ്സെൽ
## TETZEL SELLING INDULGENCES

വിശ്വാസത്താലാണ് നീതീകരണമെന്നുള്ള മഹത്തായ ബൈബിൾ സത്യം മാർട്ടിൻ ലൂഥർ ഗ്രഹിക്കുകയും, അദ്ദേഹം പുതിയ നിയമത്തിന്റെ പഠനം ആരംഭിക്കുകയും, അതിന്റെ ലാളിത്യത്തിൽ അതിശയിക്കുകയും ചെയ്ത സമയത്താണ് ടെറ്റ്സെലിനെ യാദൃശ്ചികമായി കണ്ടുമുട്ടുന്നത്. സഭയുടെ വിശ്വാസത്തിലും ആത്മാവിലും വലിയ തെറ്റുകൾ ക്രമേണ പടർന്നു കയറിയിരിക്കുന്നു എന്ന് അദ്ദേഹത്തെ കൂടുതൽ ബോധ്യപ്പെടുത്തി കൊടുക്കുക എന്ന ഉദ്ദേശ്യമായിരുന്നു ഇതിനാലുണ്ടായത്. ടെറ്റ്സെൽ ഈ സമയത്ത് പോപ്പിന്റെ അധികാരത്തിനു കീഴിൽ പാപമോചനചീട്ട് വിൽക്കുകയായിരുന്നു. അതിൽ നിന്നു ലഭിക്കുന്ന വരുമാനം റോമിലെ സെന്റ് പീറ്റേഴ്സ് ദേവാലയത്തിന്റെ പണിപൂർത്തീകരിക്കുവാൻ ഉപയോഗിച്ചു.

ടെറ്റ്സെൽ തന്റെ അധികാരത്തിൽ അതിരുകടന്നിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ക്രിസ്തുവിന്റെ യാഗപുണ്യത്തെയല്ല മറിച്ച് പോപ്പിന്റെയും തന്റെയും അധികാരത്തെക്കുറിച്ചാണ് പ്രസംഗിച്ചത് എന്നു ചരിത്രം പറയുന്നു. വിവിധ പാപങ്ങൾ മൂലം ശുദ്ധീകരണ സ്ഥലത്ത് പീഡകൾ അനുഭവിക്കുന്ന സുഹൃത്തുക്കൾ നിങ്ങൾക്കുണ്ട് എന്നും അവരെ വിടുവിക്കുവാൻ പോപ്പിന് അധികാരം ഉണ്ടെന്നും, താൻ അദ്ദേഹത്തിന്റെ പ്രതിനിധിയാണെന്നും അവൻ പറഞ്ഞു. ഈ നിക്ഷേപത്തിൽ പണം സംഭാവന ചെയ്യുന്നപക്ഷം അത് അവരുടെ സുഹൃത്തുക്കളെ ശുദ്ധീകരണ സ്ഥലത്തിലെ കഷ്ടങ്ങളിൽ നിന്നും മോചിപ്പിക്കും എന്ന് അവർക്ക് ഉറപ്പു നൽകി.

കത്തോലിക്കനും, ശുദ്ധീകരണ സ്ഥലത്തിൽ വിശ്വാസമുള്ളവനുമായിരുന്നപ്പോഴും ദൈവകൃപ പണം കൊടുത്ത് നേടാനാകും എന്ന വാണിജ്യപരമായ ആശയത്തെ ലൂഥറിനു ഉൾക്കൊള്ളാനായില്ല. അദ്ദേഹം ടെറ്റ്സെലിനെ ശക്തമായി തള്ളിപ്പറഞ്ഞു.

ഞങ്ങളുടെ അറിവനുസരിച്ച്, ഏറ്റവും പരിഷ്കൃതമായ സ്ഥലങ്ങളിൽ പാപമോചന ചീട്ടിന്റെ പൊതുവായ വിൽപന നിർത്തിയിട്ടുണ്ട്. പക്ഷെ, അടുത്തകാലം വരെ മെക്സിക്കോയിൽ വിവിധ പാപങ്ങൾക്കും കുറ്റകൃത്യങ്ങൾക്കും വില നിശ്ചയിച്ചിരിക്കുന്ന പാപമോചന ചീട്ടുകൾ വിൽപനക്കായി നിരവധി സഭകളിൽ മേശമേൽ നിരത്തിയിരുന്നു.

പ്രൊട്ടസ്റ്റന്റുകാരും ചില കത്തോലിക്കരും ഈ പാപമോചന ചീട്ടിനെ പാപം ചെയ്യുവാനുള്ള അനുമതിയായി കണക്കാക്കി. എന്നാൽ പാപം ചെയ്യുവാൻ ഞങ്ങൾ യാതൊരു അനുമതിയും നൽകിയിട്ടില്ല എന്നും, ശുദ്ധീകരണ പീഡകളിൽ നിന്നുമുള്ള മുക്തിയാണ് നൽകുന്നതെന്നും റോമൻ സഭ അവകാശപ്പെട്ടു.

മരണാവസ്ഥയിൽ ബോധം ഉണ്ടായിരിക്കുകയില്ല അഥവാ മരിക്കുമ്പോൾ ഉണ്ടായിരുന്ന അതേ ചിന്തയിൽ തന്നെയായിരിക്കും പുനരുത്ഥാനത്തിന്റെ പുലരിയിൽ ഉയിർക്കുന്നത് എന്നുള്ള ബൈബിളിന്റെ പഠിപ്പിക്കൽ ഇന്നത്തെ വേദവിദ്യാർത്ഥികളുടെ ഇടയിൽ വളർച്ച പ്രാപിക്കുന്ന ദൃഢവിശ്വാസമാണ്. ലോകത്തിന് "അടികൾ" അടുത്ത യുഗത്തിലും അതായത് "ഉപദ്രവകാലത്തും" വിശുദ്ധന്മാർക്ക് ശുദ്ധീകരണം ഈ ജീവിതത്തിലുമാണ് നടപ്പാക്കുക എന്നാണ് ദണ്ഡനത്തെ തെളിയിക്കുന്ന വേദവാക്യത്തിൽ അവതരിപ്പിക്കുന്നത്.

## പാഠം 83
## LESSON 83

1*. പുതിയ നിയമത്തിലെ എന്താണ് മാർട്ടിൻ ലൂഥറിനെ അത്ഭുതപ്പെടുത്തിയത്? ഖണ്ഡിക 1

2*. അദ്ദേഹം ഗ്രഹിച്ച മഹത്തായ ബൈബിൾ സത്യം എന്തായിരുന്നു?

3. ആ സമയം ആരെയാണ് അദ്ദേഹം യാദൃശ്ചികമായി കണ്ടുമുട്ടിയത്?

4*. സഭയുടെ വിശ്വാസത്തിലും ആത്മാവിലും ക്രമേണ വലിയ തെറ്റുകൾ കടന്നു കൂടിയിരിക്കുന്നു എന്നു ബോധ്യപ്പെടുത്തിയത് എന്തിന്?

5*. ടെറ്റ്സെൽ പാപമോചന ചീട്ട് വിറ്റിരുന്നത് ആരുടെ അധികാരത്തിൻ കീഴിലായിരുന്നു? അതിൽ നിന്നും ലഭിച്ച വരുമാനം എന്തിനായിരുന്നു ഉപയോഗിച്ചത്?

6*. ടെറ്റ്സെൽ എന്താണ് പ്രസംഗിച്ചിരുന്നത്? ഖണ്ഡിക 2

7*. ശുദ്ധീകരണ സ്ഥലത്തുള്ളവരെ വിടുവിപ്പാൻ ആർക്കു ശക്തിയുണ്ടെന്നാണ് ടെറ്റ്സെൽ പറഞ്ഞത്?

8*. ടെറ്റ്സെലിന്റെ നിക്ഷേപത്തിൽ പണം നിക്ഷേപിച്ചാൽ എന്ത് സാധിക്കുമെന്നാണ് ഉറപ്പു നൽകിയത്?

9*. ലൂഥർ ആരായിരുന്നു, ശുദ്ധീകരണ സ്ഥലത്തെക്കുറിച്ച് അദ്ദേഹത്തിന്റെ വിശ്വാസമെന്തായിരുന്നു? ഖണ്ഡിക 3

10*. എന്തുകൊണ്ടാണ് പാപമോചന ചീട്ടിന്റെ വിൽപനയെ അദ്ദേഹം ഉൾക്കൊള്ളാഞ്ഞത്?

11*. ടെറ്റ്സെലിന്റെ കാര്യത്തിൽ അദ്ദേഹം എന്താണ് ചെയ്തത്?

12. ഏറ്റവും പരിഷ്കൃതമായ സ്ഥലങ്ങളിൽ പാപമോചന ചീട്ടിന്റെ വിൽപന നിർത്തിയിട്ടുണ്ടോ?

13*. ഈ പാപമോചന ചീട്ടിനെ പാപം ചെയ്യുന്നതിനുള്ള അനുമതിയായി കണക്കാക്കിയതാര്? ഖണ്ഡിക 5

14*. പാപമോചന ചീട്ടിനെപ്പറ്റി റോമൻ കത്തോലിക്ക സഭ എന്താണ് അവകാശപ്പെടുന്നത്?

15*. മരണാവസ്ഥയിലെ ബോധത്തെക്കുറിച്ച് ബൈബിൾ എന്താണ് പഠിപ്പിക്കുന്നത്? ഖണ്ഡിക 6

16*. പുനരുത്ഥാന പുലരിയിൽ എന്ത് സംഭവിക്കും?

17*. ഒരു ദണ്ഡനമുണ്ടെന്നു തെളിയിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന തിരുവെഴുത്തുകൾ ശരിക്കും എന്താണ് കാണിക്കുന്നത്?

* നക്ഷത്ര ചിഹ്നത്താൽ അടയാളപ്പെടുത്തിയിരിക്കുന്ന ചോദ്യങ്ങൾ പ്രത്യേകമായി കുട്ടികൾക്കുള്ളവയാണ്.

Reg.No. RNI NO. KER MAL / 2008 / 24642 Dt. 17-07-2008
This Magazine is translated from English Bible Standard Published by the Laymen's Home Missionary Movement - Bible Standard Ministries, 1156 St. Matthews Road, Chestersprings, PA 19425 - 2700, U.S.A. Editor, Leon J. Snyder.

## ഞങ്ങളുടെ മലയാളം പ്രസിദ്ധീകരണങ്ങൾ

- യഥാസ്ഥാപനം
- യേശുവിന്റെ രണ്ടാംവരവ്
- ഭൂമിയിൽ വരുവാനുള്ള ദിവ്യാധിപത്യം
- പൂർണ്ണ സുവിശേഷം
- നിങ്ങൾക്കറിയാമോ?
- സമാധാനം അതെങ്ങനെ കൈവരും?
- പുതിയ ഭൂമി
- ന്യായവിധി ദിവസം
- ആപൽക്കരമായ മലിനീകരണം
- ദൈവമോ സാത്താനോ വിജയിക്കുന്നത്?
- യഥാർത്ഥ സ്വാതന്ത്ര്യം
- ദൈവം നിങ്ങളെ സ്നേഹിക്കുന്നു
- പറുദീസയിലെ കള്ളന്മാർ
- യിസ്രായേലിന്റെ തിരിച്ചുവരവ്
- എന്താണ് സത്യം?
- മഹാപിരമിഡ്
- ജീവനും അമർത്യതയും
- ആത്മാവ് എന്നാൽ എന്ത്?
- മരിച്ചവരുടെ പുനരുത്ഥാനം
- നരകം ഒരു ദണ്ഡനസ്ഥലമല്ല
- മരിച്ചവർ എവിടെ?
- ധനവാനും ലാസറും എന്ന ഉപമ

## എന്റെ സമർപ്പണം

ദൈവത്തോടായ് ഞാനെൻ സമർപ്പണം ചെയ്യുന്നു;

എന്നിഷ്ടമല്ല, അങ്ങയുടേതാവട്ടെയെന്നു ഞാൻ പറഞ്ഞു;

പിന്നെ ഇപ്പോഴും ഞാൻ നിസംഗതയിലാവണമോ;

എന്തു വിജയം ഞാൻ വരിച്ചുവെന്ന് പ്രഖ്യാപിക്കുവാൻ?

ആ, ഇല്ല! എന്തെന്നാൽ ഇപ്പോഴും ഞാൻ വിശ്വാസത്തിൽ വിശ്രമിക്കുന്നു;

അവിടുത്തെ മഹാസ്നേഹത്തിൽ സന്തോഷമെന്തെന്ന് ഞാൻ കണ്ടു;

അവങ്കലേക്ക് നോക്കി അവിടുത്തെ നയിക്കൽ ഞാൻ കാണുന്നു;

അവിടുത്തെ വചനം എൻ ഹൃദയത്തെയും മനസ്സിനെയും താങ്ങിനിറുത്തുന്നു.

Please write for Bible Standard and present Truth English and Tamil Magazines and Parozia, Epiphany Volumes and other English Publications to:-

**Bro. V. Vincent Jeyakumar**
**Representative of India**
Laymen's Home Missionary Movement
#4/81, Eluvaraimukki Main Road,
Eluvaraimukki Village,
Near Thoppur, Nazareth - 628 617,
Thoothukudi District, Tamil Nadu
Mob. : 9894926629
E-mail : vincentlhmm@gmail.com

Please write for Bible Standard Magazines and other publications in Malayalam to the following address:-

**Bro. K.O. Varghese**
**Aux. Pilgrim**
Laymen's Home Missionary Movement
Kilirukkunnel, Puthenchantha P.O.,
Vakathanam, Kottayam, Kerala - 686 538
Mob. : 9446969470, 9497534364
E-mail : kovaux.pgm6@gmail.com

Bible Standard (Malayalam) Bi-monthly Magazine, Owned, Printed, Published by K.O. Varghese, Aux. Pilgrim. L.H.M.M. Kilirukkunnel Puthenchantha P.O., Vakathanam, Kottayam, Kerala Pin- 686 538 Tele. 0481-2464364 (R), Mobile. 9446969470, 9497534364 from Puthenchantha P.O., Vakathanam, Kottayam, Kerala -686 538 at Mukkam Graphics, Industrial Nagar P. O., Changanacherry - 686 106, Editor:- K.P. Mathai, Evangelist L.H.M.M., Kanayankal House, Chakampathal (P.O)., Vazhoor, Kottayam Dt. Kerala Pin- 686 517.

Visit us at : **www.biblestandardindia.com**